بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാല്യം 8

ലക്കം 26

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2023 ജൂൺ 29/ ഹി.ശം 1402 ഇഹ്സാൻ 29/ ഹി:ഖ 1444 ദുൽഹജ്ജ് 10

## അല്ലാഹുവിന്റെ വചനം

وَاَوۡفُوا الۡکَیۡلَ اِذَا کِلۡتُمۡ

وَزِنُوۡا بِالۡقِسۡطَاسِ الۡمُسۡتَقِیۡمِ ؕ

ذٰلِکَ خَیۡرٌ وَّاَحۡسَنُ تَاۡوِیۡلًا

“നിങ്ങൾ അളന്നു കൊടുക്കുമ്പോൾ പൂർത്തിയായി അളന്നു കൊടുക്കുക. (തൂക്കുമ്പോൾ) ചെവ്വായ ത്രാസുകൊണ്ട് തൂക്കിക്കൊടുക്കുകയും ചെയ്യുക. അതാണ് ഉത്തമവും ഏറ്റവും നല്ല ഗുണപര്യവസായിയും.” (വിശുദ്ധ ഖുർആൻ 17:36)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിന സ്വ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

(2388)ഹദ്റത്ത് അബൂദർറ്(റ)നിവേദനം. അദ്ദേഹം പറഞ്ഞു: ഞാൻ നബി(സ)തിരുമേനിയോടൊപ്പം യാത്ര ചെയ്യുകയായിരുന്നു. നബി(സ)തിരുമേനി ഉഹുദുമല കണ്ടപ്പോൾ പറഞ്ഞു:”ഉഹുദുമല എന്റെ മുമ്പിൽ സ്വർണമായി മാറി എന്ന് വിചാരിക്കുക. എങ്കിൽപ്പോലും ഒരു ദീനാറെങ്കിലും മൂന്നു ദിവസത്തിൽ കൂടുതൽ എന്റെയടുക്കലിരിക്കുവാൻ ഞാനിഷ്ടപ്പെടുന്നില്ല. വേണ്ടിവന്നാൽ കടം വീട്ടാൻ ഒരു ദീനാറുമാത്രം ഞാൻ സൂക്ഷിച്ചുവെക്കും. പിന്നീട് നബി(സ)തിരുമേനി പറഞ്ഞു:നിശ്ചയം കൂടുതൽ ധനമുളളവരാണ്കുറച്ചു പുണ്യം ലഭിക്കുന്നവർ. പക്ഷേ, ധനംകൊണ്ട് ഇങ്ങനേയും ഇങ്ങനേയും ഇങ്ങനേയും ചെലവഴിക്കുന്നവരൊഴികെ.”ഇന്നൽ അക്ഥരീന ഹുമുൽ അഖല്ലൂൻ:ഹദ്റത്ത് സയ്യിദ് സയ്നുൽആബിദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് പറയുന്നു:ഇത് പരിപൂർണവാക്യത്തിൽ പെട്ടതാണ്. അതിന്റെ പൊരുൾ ഇതാണ്, സമ്പന്നത പണം സ്വരുക്കൂട്ടിവെക്കുന്നതിലല്ല. പ്രത്യുത ഭൂരിഭാഗം സമ്പന്നരും ഉൽകൃഷ്ടസ്വഭാവങ്ങളില്ലാത്തതുകൊണ്ട് ദരിദ്രരാണ്. സമ്പന്നത സമ്പത്ത് സ്വരുക്കൂട്ടുന്നതിലല്ല, പ്രത്യുത ഇടത്തും വലത്തും ചെലവഴിക്കുന്നതിലാണ്. അതായത് ദീനിപരവും ഭൗതികപരവുമായ ആവശ്യങ്ങൾക്ക് ചെലവഴിക്കുമ്പോൾ സമ്പത്തിന്റെ ഉദ്ദേശ്യം പൂർത്തീകരിക്കപ്പെടുന്നു. നിറവേറ്റേണ്ടുന്ന കടമൾ നിറവേറ്റാതെ ആരാണോ പണം സ്വരുക്കൂട്ടിവെച്ചത് അവനാണ് ഏറ്റവും വലിയ പിശുക്കൻ. എന്നാൽ, ആരാണോ തന്റെ സമ്പത്തിൽനിന്ന് കടമകൾ നിറവേറ്റിയത് അവനാണ് യഥാർഥത്തിൽ സമ്പന്നൻ. അതായത് അവൻ സമ്പത്തിന്റെ യഥാർഥ ഉദ്ദേശ്യം കരസ്ഥമാക്കി. നബി(സ)തിരുമേനിയുടെ സമ്പത്തിനെ സംബന്ധിച്ചുള്ള ഈ വീക്ഷണം അങ്ങേയറ്റം യുക്തിപരമാണ്. അവിടത്തെ പരിശുദ്ധവും ഉൽകൃഷ്ടവുമായ സ്വഭാവഗുണങ്ങളുടെ വിശാലത അവിടത്തെ ഈ വാക്യത്തിൽ പ്രകടമാണ്. അതായത് ഉഹുദുമലയോളം സ്വർണം തന്റെ കൈയിലുണ്ടെങ്കിലും അതുകൊണ്ടുള്ള സന്തോഷം പൂർത്തിയാകുന്നത് കടമകൾ നിറവേറ്റിക്കൊണ്ട് അതെല്ലാം ചെലവഴിക്കപ്പെടുന്നതിലാണ്.(സ്വഹീഹ് ബുഖാരി, വാല്യം 4, കിതാബുൽഇസ്തിഖറാള്, പ്രസാധനം ഖാദിയാൻ 2008)

സഹായിക്കലിന്റെ യഥാർഥ അവകാശി അല്ലാഹുമാത്രമാണ്. ഏതെങ്കിലും മനുഷ്യനോ, മൃഗത്തിനോ, പക്ഷികൾക്കോ പറവകൾക്കോ എന്നല്ല ആകാശത്തിലും ഭൂമിയിലും ഒരു സൃഷ്ടിക്കും ഈ അവകാശമില്ല. മനുഷ്യന്റെ പ്രേമഭാജനവും ആരാധ്യനും ലക്ഷ്യവും അല്ലാഹുതന്നെയാകേണ്ടതാണ്.

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### സഹായം ചോദിക്കേണ്ടത് അല്ലാഹുവിനോടു മാത്രമാണ്

സഹായം ആവശ്യപ്പെടലിനെ സംബന്ധിച്ച് ഇക്കാര്യം ഓർക്കേണ്ടതാണ്. യഥാർഥ സഹായം നല്കാനുളള അവകാശം അല്ലാഹുവിന് മാത്രമാണ്. അതിൽത്തന്നെയാണ് വിശുദ്ധഖുർആൻ സമ്മർദം ചെലുത്തിയിട്ടുളളതും. അത് പറഞ്ഞു: *ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തഈൻ*(അൽഫാത്തിഹ:5) ആരാധ്യന്റെ ആദ്യത്തെ സ്വിഫത്തുകൾ *റബ്ബ്, റഹ്മാൻ, റഹീം, മാലിക്കിയൗമിദ്ദീൻ* എന്നിവയുടെ പ്രകടനമാണ്. പിന്നീട് *ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തഈൻ* അതായത് നിന്നെമാത്രമാണ് ആരാധിക്കുന്നത്. സഹായവും നിന്നിൽനിന്നു മാത്രമാണ് തേടുന്നത്. ഇതിൽനിന്ന് സഹായിക്കലിന്റെ യഥാർഥ അവകാശി അല്ലാഹുവാണെന്ന് മനസ്സിലാകുന്നു. ഏതെങ്കിലും മനുഷ്യനോ, മൃഗത്തിനോ, പക്ഷികൾക്കോ പറവകൾക്കോ എന്നല്ല ആകാശത്തിലും ഭൂമിയിലും ഒരു സൃഷ്ടിക്കും ഈ അവകാശമില്ല. എന്നാൽ, അതേ!രണ്ടാമത്തെ സ്ഥാനത്ത് ഛായാപരമായ നിലയിൽ ഈ അവകാശം അല്ലാഹുവിന്റെ ആൾക്കാർക്കും ദൈവമനുഷ്യർക്കും നല്കപ്പെട്ടിരിക്കുന്നു. നമ്മളൊരു കാര്യവും നമ്മുടേതായ നിലയിൽ ഉണ്ടാക്കാതിരിക്കേണ്ടതാണ്. പ്രത്യുത അല്ലാഹു പറഞ്ഞിട്ടുളളതിന്റേയും നബി(സ)തിരുമേനി നിർദേശിച്ചിട്ടുളളതിന്റേയും ഉള്ളിൽനില്ക്കേണ്ടതാണ്. ഇതിന്റെ പേരാണ് സ്വിറാത്തെ മുസ്തഖീം. ഇക്കാര്യം ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് എന്നതിൽനിന്ന് നല്ലവണ്ണം മനസ്സിലാക്കാവുന്നതാണ്. ഇതിന്റെ ആദ്യഭാഗത്തുനിന്ന് മനസ്സിലാകുന്നത് മനുഷ്യന്റെ പ്രേമഭാജനവും ആരാധ്യനും ലക്ഷ്യവും അല്ലാഹുതന്നെയാകണമെന്നാണ്. (മൽഫൂദാത്ത് വാല്യം 1, പേജ് 462, പ്രസാധനം ഖാദിയാൻ 2018)

ഏതെങ്കിലും ചെവി മറ്റുളളവരെ സംബന്ധിച്ച് തനിക്ക് അവകാശമില്ലാത്തത് കേൾക്കുകയാണെങ്കിൽ അവനും ചോദ്യംചെയ്യപ്പെടും. ഏതെങ്കിലും കണ്ണ് മറ്റുളളവരെ സംബന്ധിച്ച് തനിക്ക് അവകാശമില്ലാത്തത് കാണുകയാണെങ്കിൽ അവനും ചോദ്യംചെയ്യപ്പെടും. ഏതെങ്കിലും ഹൃദയം മറ്റുളളവരെ സംബന്ധിച്ച് തനിക്ക് അവകാശമില്ലാത്ത ചിന്തകൾ വച്ചുകൊണ്ടു നടക്കുകയാണെങ്കിൽ അവനും ചോദ്യംചെയ്യപ്പെടും.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സൂറ ബനീ ഇസ്റാഈലിലെ 37-ാമത്തെ വചനമായ വലാ തഖ്ഫു മാ ലയ്സലക്ക ബിഹീ ഇൽമുൻ ഇന്നസ്സംഅ വൽബസ്വറ വൽ ഫുആദ കുല്ലു ഉലാഇക്ക കാന അൻഹു മസ്ഊലാ(നിനക്ക് അറിവില്ലാത്തതിനെ നീ പിന്തുടരരുത്. കാരണം കാത്, കണ്ണ്, ഹൃദയം ഇവ എല്ലാറ്റിനേയും സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടുന്നതാണ്) എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു: ഇതിന്റെ അർഥം പുതിയ അറിവൊന്നും പഠിക്കരുതെന്നും പുതിയപുതിയ ഗവേഷണങ്ങൾ നടത്തരുതെന്നുമല്ല. പ്രത്യുത ഇതുകൊണ്ടുദ്ദേശിക്കുന്നത് ദുർഭാവന ചെയ്യരുതെന്നാണ്. അന്വേഷണമൊന്നു നടത്താതെ മറ്റുളളവരുടെമേൽ ആരോപണം ഉന്നയിക്കരുതെന്നാണ്. ഇതിനുശേഷം ദുർഭാവന ഉണ്ടാകുന്നതിന്റെ കാരണങ്ങളാണ് വിവരിച്ചിട്ടുളളത്. അതായത് കാത്, കണ്ണ്, ഹൃദയം എന്നിവ. ചിലപ്പോൾ മനുഷ്യൻ മറ്റുളളവരെ കുറിച്ചു കേട്ടുകൊണ്ട് അന്വേഷണമൊന്നുംകൂടാതെ അവരോടു ശത്രുത വച്ചു പുലർത്താൻ തുടങ്ങുന്നു. ചിലപ്പോൾ ഒരു സംഭവം കാണുകയും അതിൽനിന്ന് തെറ്റായ ഫലമെടുക്കുകയും ചെയ്യുന്നു. ഇവർ അന്വേഷിക്കുകയില്ല. അതായത് ആ കർമത്തിന് മറ്റെന്തെങ്കിലും അനുവദനീയമായ കാരണമുണ്ടാകും. അതുകണ്ടിട്ട് അയാൾ മോശമായി മനസ്സിലാക്കിയതാണ്. ചിലർ സ്വയമേവ തങ്ങളുടെ മനസ്സിൽ ഒരു കാര്യം സൃഷ്ടിച്ചെടുക്കുന്നു. ഇക്കാര്യങ്ങളിൽനിന്നെല്ലാം തടഞ്ഞിരിക്കുകയാണിവിടെ. ഊഹപരമായ കാര്യങ്ങളുടെ പിന്നാലെ പോകരുതെന്ന് പറഞ്ഞിരിക്കുന്നു. ദുർഭാവനയുടെ കാരണങ്ങളിൽ ചെവിയാണ് ഏറ്റവും വലിയ കാരണം. അധികവും ആളുകളിൽനിന്ന് വർത്തമാനംകേട്ട് ആളുകൾ ദുർഭാവന ചെയ്യുന്നു. അതുകൊണ്ടാണ് അതിനെക്കുറിച്ച് ആദ്യം പറഞ്ഞത്. അതിനുശേഷം രണ്ടാമത്തെ വലിയ കാരണം കണ്ണാണ്. അത് രണ്ടാമതായി പറഞ്ഞിരിക്കുന്നു. ഇതിനുശേഷം അങ്ങേയറ്റം ദുർഭാവന ചെയ്യുന്നവൻ പരാതി കേൾക്കുന്നില്ല, സംശയമുള്ള കാര്യങ്ങൾ കാണുന്നില്ല പ്രത്യുത സ്വയമേവ മനസ്സിൽ ഒരു കാരണമുണ്ടാക്കി മറ്റുളളവരുടെ പിന്നാലെ കൂടുന്നു. അതിനെ ഏറ്റവും അവസാനം വെച്ചു. അതായത് ഈ കാരണം ഏറ്റവും കുറഞ്ഞതാണ്. കാരണം ഭയാനകമായ രോഗി സാധാരണ രോഗിയെക്കാൾ എപ്പോഴും കുറവായിരി

(ശേഷം പേജ് 12 ൽ)

### ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ 2023 മെയ് 19 (സമ്പൂർണ തർജമ)

ജുമുഅ ഖുത്വ്ബ 2023 മെയ് 26 ( തർജമ)

നമസ്കാരത്തിന്റെ പ്രയോജനങ്ങൾ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

"നമ്മുടെ എതിരാളികളുടെ രാപ്പകലുള്ള അങ്ങേയറ്റത്തെ പരിശ്രമങ്ങളുമുണ്ടായിട്ടും ഈ ജമാഅത്ത് അഭിവൃദ്ധിപ്പെട്ടുവരുന്നുവെന്നത് അല്ലാഹുവിന്റെ ഒരു വലിയ അത്ഭുതദൃഷ്ടാന്തമാകുന്നു."
(ഹദ്റത്ത് മസീഹ് മൗഊദ്(അ))

"അല്ലാഹു ഒരാളെ അയക്കുകയും അദ്ദേഹം തീർച്ചയായും അല്ലാഹുവിൽ നിന്നുള്ളവനാകുകയും ചെയ്യുമ്പോൾ അദ്ദേഹം നിത്യവും അഭിവൃദ്ധപ്പെടുന്നതും പുരോഗതി പ്രാപിക്കുന്നതുമാണ്. അദ്ദേഹത്തിന്റെ പ്രസ്ഥാനം അനുദിനം തേജോമയമാകുകയും ചെയ്യുന്നതായിരിക്കും. അതിനെ തടുക്കുന്നവൻ നിത്യേന നശിച്ചുകൊണ്ടിരിക്കുകയും നിന്ദ്യനായിക്കൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. അദ്ദേഹത്തിന്റെ എതിരാളിയും അദ്ദേഹത്തെ കളവാക്കുന്നവനും അവസാനം നിന്ദ്യമായി മരിക്കുകയും ചെയ്യുന്നു."
(ഹദ്റത്ത് മസീഹ് മൗഊദ്(അ))

ഈ നാമമാത്ര പണ്ഡിതന്മാരും എതിരാളികളും മനസ്സിലാക്കുന്നത് തങ്ങളുടെ വായകൊണ്ടുള്ള ഊത്തുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിനെ ഇല്ലാതാക്കാമെന്ന് കരുതുന്നു. എന്നാൽ, അവർ അല്ലാഹുവുമായിട്ടാണ് പോരടിക്കുന്നതെന്ന് മനസ്സിലാക്കുന്നില്ല. അല്ലാഹുവിന്നെതിരിൽ നില്ക്കുമ്പോൾപ്പിന്നെ സ്വന്തം നാശംതന്നെയാണുണ്ടാകുക.

പാക്കിസ്താനിലും ഒരു ഭാഗത്ത് നമ്മുടെ മിനാരങ്ങൾ തകർത്തുകൊണ്ടിരിക്കുന്നു. മസ്ജിദുകളുടെ മിഹ്റാബുകൾ തകർത്തുകൊണ്ടിരിക്കുന്നു. മറുഭാഗത്ത് അല്ലാഹു മറ്റുസ്ഥലങ്ങളിൽ നമുക്ക് മനോഹരമായ മസ്ജിദുകൾ പ്രദാനം ചെയ്യുന്നു. അധികമധികമായി നല്കിക്കൊണ്ടിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യവും ജമാഅത്തുപരമായ ആഗോള പുരോഗതിയും പ്രതിഫലിപ്പിക്കുന്ന ചില വിശ്വാസവർധക സംഭവങ്ങളുടെ ചർച്ച.

സിയാൽക്കോട്ടിലെ പരേതനായ ഗുലാം ഖാദിർ സാഹിബിന്റെ ഭാര്യപർവീൻ അഖ്തർ സാഹിബ, ചൗദ്ദരി വസീം അഹ്മദ് നാസിർ സാഹിബ് ഘട്ടിയാലിയായുടെ ഭാര്യ മുംതാസ് വസീം സാഹിബ, ബ്രിഗേഡിയർ മുനവ്വർ അഹ്മദ് റാണ സാഹിബ്, ഗ്രൂപ്പ് ക്യാപ്റ്റൻ റിട്ടയേർഡ് അബ്ദുശ്ശുക്കൂർ മലിക് സാഹിബ് എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും

**ഖുത്ബ ജുമുഅ 2023 മെയ് 19/1402 ഹിജ്റത്ത് 19**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ് യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹദ്റത്ത് മസീഹ് മൗഊദ്(അ)ജമാഅത്തിനുമേലുള്ള അല്ലാഹുവിന്റെ അനുഗ്രഹത്തേയും അതിന്റെ ആധിക്യത്തേയും അനുസ്മരിച്ചുകൊണ്ട് ഒരിടത്തു പറയുന്നു:"ശക്തമായ എതിർപ്പുകളും കുഫ്ർ ഫത്‌വകളുംനമ്മുടെ എതിരാളികളുടെ രാപ്പകലുള്ള അങ്ങേയറ്റത്തെ പരിശ്രമങ്ങളുമുണ്ടായിട്ടും ഈ ജമാഅത്ത് അഭിവൃദ്ധിപ്പെട്ടുവരുന്നുവെന്നത് അല്ലാഹുവിന്റെ ഒരു വലിയ അത്ഭുതദൃഷ്ടാന്തമാകുന്നു." പറഞ്ഞു: "നമ്മുടെ എതിരാളികൾ രാപ്പകൽ കഠിനമായി പരിശ്രമിച്ചുകൊണ്ടിരിക്കുകയും അങ്ങനെ പല രീതിയിലുള്ള പദ്ധതികൾ ചിന്തിച്ചുകൊണ്ടിരിക്കുകയും ഈ പ്രസ്ഥാനത്തെ ഇല്ലാതാക്കുന്നതിന് നല്ലപോലെ ശക്തിചെലുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാൽ, അല്ലാഹു നമ്മുടെ ജമാഅത്തിനെ അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്." വീണ്ടും പറഞ്ഞു:"ഇതിൽ എന്ത് ഹിക്മത്താണ് അഥവാ യുക്തിയാണുള്ളതെന്ന് നിങ്ങൾക്കറിയുമോ? ഇതിലുള്ള യുക്തിയെന്തെന്നാൽ അല്ലാഹു ഒരാളെ അയക്കുകയും അദ്ദേഹം തീർച്ചയായും അല്ലാഹുവിൽ നിന്നുള്ളവനാകുകയും ചെയ്യുമ്പോൾ അദ്ദേഹം നിത്യവും അഭിവൃദ്ധപ്പെടുന്നതും പുരോഗതി പ്രാപിക്കുന്നതുമാണ്. അദ്ദേഹത്തിന്റെ പ്രസ്ഥാനം അനുദിനം തേജോമയമാകുകയും ചെയ്യുന്നതായിരിക്കും. അതിനെ തടുക്കുന്നവൻ നിത്യേന നശിച്ചുകൊണ്ടിരിക്കുകയും നിന്ദ്യനായിക്കൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. അദ്ദേഹത്തിന്റെ എതിരാളിയും അദ്ദേഹത്തെ കളവാക്കുന്നവനും അവസാനം വളരെ നിന്ദ്യമായി മരിക്കുകയും ചെയ്യുന്നു." പറഞ്ഞു:"......യഥാർഥത്തിൽ അല്ലാഹുവിൽനിന്നുള്ള തീരുമാനങ്ങളെ ആർക്കും തടയാൻ സാധ്യമല്ല. കാരണം അവരുടെ പരിശ്രമങ്ങൾകൊണ്ട് ആ പ്രസ്ഥാനം നിലച്ചുപോകുകയാണെങ്കിൽ ആ തടയുന്നവൻ അല്ലാഹുവിനെ അതിജയിച്ചുവെന്ന് സമ്മതിക്കേണ്ടിവരുന്നു. വാസ്തവത്തിൽ അല്ലാഹുവിനെ അതിജയിക്കാൻ ആർക്കും സാധ്യമല്ല." (മൽഫൂദാത്ത് വാല്യം 10, പേജ് 24, 1984 പതിപ്പ്)

ആ മഹാത്മാവിന്റെ ഈ വാക്കുകൾ നിത്യവും പുലർന്നുവരുന്നതായി നമ്മൾ കണ്ടുവരുന്നു. ശത്രുക്കൾ ഒറ്റയായും ഒത്തുചേർന്നും പ്രത്യക്ഷത്തിൽ സംഘടിത രീതിയിലും ജമാഅത്തിന്നെതിരിൽഗൂഢപദ്ധതികൾ ആസൂത്രണം ചെയ്യാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ, ഞാൻ നിന്റെ ജമാഅത്തിനെ ഭൂമിയുടെ കോണുകളോളമെത്തിക്കുമെന്നാണ് അല്ലാഹു ആ മഹാത്മാവിനോടു വാഗ്ദാനം ചെയ്തിട്ടുള്ളത്.(തദ്ക്കിറ പേജ് 260, നാലാം പതിപ്പ്). വീണ്ടും അല്ലാഹു പറഞ്ഞു, "ഞാൻ നിന്റെ ആത്മാർഥരും ഹൃദയാത്മനാ നിന്നോടു സ്നേഹമുള്ളവരുമായ സംഘത്തെ വർധിപ്പിക്കുന്നതായിരിക്കും." (ആയിനയെ കമാലാത്തെ ഇസ്‌ലാം, റൂഹാനീ ഖസാഇൻ വാല്യം 5, പേജ് 648).

ഇതനുസരിച്ച് ജമാഅത്ത് ലോകത്ത് പരന്നുകൊണ്ടിരിക്കുന്നത് നമ്മൾ കാണുന്നു. ഈ നാമമാത്ര പണ്ഡിതന്മാരും എതിരാളികളും മനസ്സിലാക്കുന്നത് തങ്ങളുടെ വായകൊണ്ടുള്ള ഊത്തുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിനെ ഇല്ലാതാക്കാമെന്ന് കരുതുന്നു. എന്നാൽ, അവർ അല്ലാഹുവുമായിട്ടാണ് പോരടിക്കുന്നതെന്ന് മനസ്സിലാക്കുന്നില്ല. അല്ലാഹുവിന്നെതിരിൽ നില്ക്കുമ്പോൾപ്പിന്നെ സ്വന്തം നാശംതന്നെയാണുണ്ടാകുക. അല്ലാഹു തന്റെ ദാസനെ പിന്തുണയ്ക്കുകയും സഹായിക്കുകയും ചെയ്യുന്നതാണ്.

അല്ലാഹുവിന്റെ സഹായത്തിന്റേയും പിന്തുണയുടേയും ദൃശ്യങ്ങൾ ലോകത്തിന്റെ വിദൂര രാജ്യങ്ങളിലും കണ്ടുകൊണ്ടിരിക്കുന്നു. ചില പ്രദേശങ്ങളിൽ സാധാരണഗതിയിൽ ആളുകൾക്ക് എത്തിപ്പെടാൻ കഴിയുകയില്ല. വളരെ ദുഷ്കരമായ വഴികളായിരിക്കും. എന്നാൽ, അല്ലാഹു അവിടങ്ങളിലും തന്റെ പിന്തുണയുടെ ദൃശ്യങ്ങൾ കാണിച്ചുകൊണ്ടിരിക്കുന്നു. എതിരാളികളാണെങ്കിൽ തങ്ങളുടെ സകല ശ്രമങ്ങളും നടത്തുന്നുമുണ്ട്.

പക്ഷേ, അവർ കാണുന്നത് തങ്ങളുടെ പരാജയമാണ്.

ചില സ്ഥലങ്ങളിൽ ജീവനഷ്ടവും സാമ്പത്തിക നഷ്ടവും വരുത്തി ജമാഅത്തംഗങ്ങളെ ഭയപ്പെടുത്താൻ നോക്കുന്നു. എന്നാൽ, അക്കാര്യങ്ങൾ ജമാഅത്തംഗങ്ങളുടെ ഈമാൻ വർധിപ്പിക്കുകയാണ് ചെയ്യുന്നത്.

ലോകത്ത് അല്ലാഹുവിന്റെ സഹായങ്ങളേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു അല്ലാഹു ചെയ്ത വാഗ്ദാനങ്ങൾ എങ്ങനെയാണ് പൂർത്തിയായത് എന്നതിനേയും സംബന്ധിച്ച സംഭവങ്ങളേയും വലയം ചെയ്യാൻ സാധ്യമല്ല. ഞാൻ ജമാഅത്തിന്റെ പുരോഗതിയേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വരുന്നതുകൊണ്ട് അദ്ദേഹത്തെ അംഗീകരിക്കുന്നതിന് എങ്ങനെയാണ് ജനഹൃദയങ്ങളിൽ അറിയിപ്പ് നല്കുന്നത് എന്നതിനേയും സംബന്ധിച്ച ചില സംഭവങ്ങൾ വിവരിക്കുന്നതാണ്.

ചിലയാളുകൾ എതിർപ്പു പ്രകടിപ്പിക്കുന്നത് അറിവില്ലായ്മ കൊണ്ടായിരിക്കും. അവർക്ക് യാഥാർഥ്യം മനസ്സിലാകുമ്പോൾ എതിർപ്പ് ഒഴിവാകുന്നുവെന്ന് മാത്രമല്ല ജമാഅത്ത് സ്വീകരിക്കുകയും ചെയ്യുന്നു. അത്തരം ഒരു സംഭവം വിവരിച്ചുകൊണ്ട് കോംഗോ കിൻഷാസ അമീർ ജമാഅത്തെഴുതുന്നു:"കോംഗോ സെൻട്രൽ സംസ്ഥാനത്തുള്ള കോട്ടോയ ഗ്രാമത്തിലെ ഒരു ഭാഗത്ത് നമ്മുടെ മുഅല്ലിം ഈസാ സാഹിബ് ജമാഅത്തിലെ ഒരു സംഘത്തോടൊപ്പം തബ്ലീഗിന് പോയിരുന്നു. അവിടെയുള്ള മസ്ജിദ് ഇമാം ജിബ്രഇൽ സാഹിബ് ജമാഅത്തിനോടുള്ള എതിർപ്പിന്റെ കാഠിന്യത്തിൽ പ്രസിദ്ധനായിരുന്നു. അദ്ദേഹവുമായി ഈസാനബിയുടെ മരണത്തേയും ഇമാം മഹ്ദിയുടെ ആഗമനത്തേയും സംബന്ധിച്ച് ചർച്ചകൾ നടന്നു. ഹദ്റത്ത് ഈസാ(അ)ജീവിച്ചിരിക്കുന്നുവെന്ന വിശ്വാസം കാരണം നഊദുബില്ലാഹ് നബി(സ)തിരുമേനിയ്ക്ക് അവഹേളനമാണുണ്ടാകുന്നതെന്ന് മനസ്സിലായപ്പോൾ അദ്ദേഹത്തിന് കാര്യങ്ങൾ പിടികിട്ടി. പാക്കിസ്താനീ മുല്ലാക്കളെപ്പോലെ കടുംപിടിത്തമൊന്നും ഇല്ലായിരുന്നു. മഹ്ദിയുടെ ആഗമനം സംബന്ധിച്ച വിശ്വാസവും അദ്ദേഹത്തിന് മനസ്സിലായി. അദ്ദേഹം അപ്പോൾത്തന്നെ തന്റെ വീട്ടിലെ ആറുപേരൊടൊപ്പം തന്റെ ശിഷ്യന്മാരായ 21 പേരേയും കൂട്ടി ബയ്അത്തു ചെയ്തു. ഇപ്രകാരം ഇവിടെ ജമാഅത്ത് രൂപീകരിക്കപ്പെട്ടു."

ഗാംബിയജമാഅത്തിലെ മുബല്ലിഗ് ഇൻചാർജ് പറയുന്നു: "അവരുടെ ഒരു ജില്ലയാണ് നയാമീന. അവിടെ ഒരു ഗ്രാമമുണ്ട്. പറയുന്നു: നമ്മുടെ തബ്ലീഗ് ടീം അവിടെ പോയി. അവർ ഇസ്ലാം -അഹ്മദിയ്യത്തിന്റെ സന്ദേശമെത്തിച്ചു. ഇമാം മഹ്ദി(അ)യുടെ യഥാർഥവും മനോഹരവുമായ അധ്യാപനങ്ങളും ബയ്അത്തിന്റെ 10 നിബന്ധനകളും വായിച്ചു കേൾപ്പിച്ചു. ഗ്രാമവാസികളാണ്, പക്ഷേ, ബുദ്ധിയും വിവേകവുമുള്ളവരാണ്. ബയ്അത്തിന്റെ 10 നിബന്ധനകൾ കേട്ട് അവർ അത്ഭുതപ്പെട്ടു. ഇത് യഥാർഥ ഇസ്ലാമിക കാര്യങ്ങളാണെന്ന് അവർക്ക് മനസ്സിലായി. അതിനെ കുറിച്ച് നബി(സ)തിരുമേനി പ്രവചിച്ചിട്ടുള്ളതാണ്. ഗ്രാമവാസികൾ പറഞ്ഞു:ഞങ്ങൾ ആദ്യമായിട്ടാണ് ഇസ്ലാമിന്റെ ഇത്ര മനോഹരവും ഗാംഭീര്യമുള്ള അധ്യാപനങ്ങൾ കേൾക്കുന്നത്. ഞങ്ങളുടെ നാമമാത്ര ഉലമാഇൽനിന്ന് ഇത്തരം മനോഹരമായ അധ്യാപനങ്ങൾ ആർക്കും കേൾക്കാൻ കഴിയുകയില്ല. അവസാനം അവർ പറഞ്ഞു:അഹ്മദിയ്യത്ത് തന്നെയാണ് യഥാർഥ ഇസ്ലാം. ഞങ്ങൾ ജമാഅത്തിൽ ചേരുന്നു. ഈ അഹ്മദിയ്യത്തുതന്നെയാണ് അല്ലാഹുവിന്റെ കോപത്തിൽനിന്ന് തങ്ങളെ രക്ഷിക്കുക എന്ന തീരുമാനത്തിൽ അവരെത്തിച്ചേർന്നു. അല്ലാഹുവിന്റെ ഫള്ലുകൊണ്ട് സുദീർഘമായ ചോദ്യോത്തര സെഷനുശേഷം 200 പേരോളംവരുന്ന എല്ലാവരും ബയ്അത്ത് ചെയ്ത് ജമാഅത്തിൽ ചേർന്നു."

ആഫ്രിക്കൻ രാജ്യങ്ങളിൽപ്പെട്ട ഒരു രാജ്യത്തിലെ നമ്മുടെ മുറബ്ബി എഴുതുന്നു:"തബ്ലീഗ് രംഗത്ത് ചില സംഭവങ്ങൾ ബാഹ്യമായി നോക്കുമ്പോൾ നിസ്സാരമായിതോന്നും. പക്ഷേ, യഥാർഥത്തിൽ പശ്ചാത്തലത്തിൽ അല്ലാഹുവിന്റെ പിന്തുണയും സഹായവുമായിരിക്കും പണിയെടുത്തുകൊണ്ടിരിക്കുന്നത്. അദ്ദേഹം പറയുന്നു, നമ്മുടെ തബ്ലീഗ് സംഘം കൗണ്ടിയിലെ ഒരു പ്രധാന പട്ടണമായ 'ബാമാ'യിൽ-ഇത് ജില്ല തലസ്ഥാനമാണ്-തബ്ലീഗിന്റെ പരിപാടി തയ്യാറാക്കുകയായിരുന്നു. ഞങ്ങൾ മസ്ജദിൽത്തന്നെ ഇരിക്കുമ്പോൾ അതേ നഗരത്തിലെ നാലുപേർ അടങ്ങുന്ന ഒരു സംഘം ഞങ്ങളെ കാണാൻ വന്നു. അവരിൽ ഒരു സ്ത്രീയുമുണ്ടായിരുന്നു. അത് നഗരത്തിലെ സ്ത്രീ സംഘടനയുടെ ചെയർപേഴ്സനായിരുന്നു. സംഘത്തിലെ അംഗം പറഞ്ഞു:ഞങ്ങൾ നിങ്ങളെ ക്ഷണിക്കാൻവേണ്ടി വന്നതാണ്. നിങ്ങൾ ഞങ്ങളുടെ പ്രദേശത്തു വരുകയും അഹ്മദിയ്യ ജമാഅത്തിന്റെ സന്ദേശമെത്തിക്കുകയും ചെയ്യുക. കാരണം നിങ്ങളുടെ ജമാഅത്ത് തബ്ലീഗ് അഥവാ പ്രബോധനം ചെയ്യുന്നുവെന്നും പ്രത്യേകിച്ചും കുട്ടികളെ വിശുദ്ധ ഖുർആൻ പഠിപ്പിക്കാനുള്ള സംവിധാനം ചെയ്യുന്നുവെന്നും ഞങ്ങൾക്കറിയാൻ കഴിഞ്ഞു. അങ്ങനെ ഞങ്ങൾ അടുത്തദിവസംതന്നെ അവിടെപോകാൻ പരിപാടിയിട്ടു. അവിടെച്ചെന്ന് ജമാഅത്തിനെ പരിചയപ്പെടുത്തി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനോദ്ദേശ്യം വിവരിച്ചു. അതിനുശേഷം സുദീർഘമായ ചോദ്യോത്തരം നടന്നു. അതവസാനിച്ചപ്പോൾ ഗ്രാമവാസികളെല്ലാവരും തങ്ങൾ ഇന്നുമുതൽ ജമാഅത്തിൽ ചേരുന്നുവെന്ന് തീരുമാനിച്ചു. ഇപ്രകാരം ഇവിടെയും പുതിയ ജമാഅത്ത് രൂപീകരിക്കപ്പെട്ടു. അതിനുശേഷം അവർ ആ പ്രദേശത്തെ മുഴുവൻ കുട്ടികളേയും സംഘടിപ്പിച്ച് ഞങ്ങളുടെ അടുത്ത് കൊണ്ടുവന്നു. അവർ പറഞ്ഞു, ഇന്നുമുതൽ ഇവർ ജമാഅത്തിന്റെ കുട്ടികളാണ്. ഇവരെ എങ്ങനെ വിശുദ്ധ ഖുർആൻ പഠിപ്പിക്കാൻ കഴിയുമെന്ന് നിങ്ങൾ ഞങ്ങൾക്കു പറഞ്ഞുതരിക. മുറബ്ബി സാഹിബ് പറയുന്നു:അവരിൽ രണ്ടുപേരെ വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നതിന് ഞാൻ തിരഞ്ഞെടുത്തു. അവരെ ഖുർആൻ പഠിപ്പിക്കുമെന്ന് അവരോടു പറഞ്ഞു. പിന്നീട് അവർ മടങ്ങിപ്പോയി തങ്ങളുടെ മസ്ജിദിൽ തങ്ങളുടെ പ്രദേശത്ത് വിശുദ്ധ ഖുർആൻ ക്ലാസ്സുകൾ തുടങ്ങി മറ്റു കുട്ടികളെ വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നതായിരിക്കും. അദ്ദേഹം പറയുന്നു, ഞങ്ങൾ ഇത് തീരുമാനിച്ചതേയുള്ളു, അല്ലാഹു അതേ സമയത്തുതന്നെ പിന്തുണയും സഹായവും ഞങ്ങളോടൊപ്പം ചേർത്തു. പാക്കിസ്താനിൽ നമ്മൾ എന്തു ഖുർആൻ പഠിപ്പിക്കാനാണ്, അവിടെ വിശുദ്ധ ഖുർആൻ കേൾക്കുന്നതിനുപോലും നമ്മുടമേൽ നിയന്ത്രണമാണ്. ഒരു അഹ്മദിക്കെതിരിൽ കേസ്സുവന്നതുതന്നെ അയാൾ വിശുദ്ധ ഖുർആനിന്റെ പാരായണം കേട്ടതിനായിരുന്നു. ഇതാണ് ആ നാമമാത്ര മുസ്‌ലിമീങ്ങളുടെ ഇസ്ലാം. മറുഭാഗത്ത് ആളുകൾ തങ്ങളുടെ കുട്ടികളെ വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നതിന് ജമാഅത്തിനെ ഏല്പിക്കുന്നു. കാരണം വിശുദ്ധ ഖുർആനിന്റെ ശരിയായ അറിവ് ഉൾക്കൊള്ളുന്നത് ജമാഅത്തുമാത്രമാണ്.

ചിലയാളുകൾ അഹ്മദിയായിക്കൊണ്ട് ഏതെങ്കിലും അത്യാഗ്രഹത്തിൽ വീഴുന്നു. അല്ലെങ്കിൽ ഭയം കൊണ്ട് അഹ്മദിയ്യത്ത് ഉപേക്ഷിക്കുന്നു. പിന്നീട് തങ്ങൾ അവിടെ ജമാഅത്തിനെ അവസാനിപ്പിക്കുമെന്ന് കരുതുന്നു. പക്ഷേ, അല്ലാഹു അവരുടെ ഈ ചിന്താഗതികൾ അവരുടെമേൽത്തന്നെ മറിച്ചിടുന്നു. ജമാഅത്താണെങ്കിൽ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് വളർന്നുകൊണ്ടു പോകുകയും ചെയ്യുന്നു. ഐവറികോസ്റ്റ്ലെ മുബല്ലിഗ് എഴുതുന്നു:ഓമെ റീജ്യണിലെ ഒരു സ്ഥലമാണ് കിരെസൂക്കിയെ. അവിടുത്തെ ഭൂരിപക്ഷമാളുകളും 2008-ൽ ജമാഅത്തിൽ ചേർന്നവരാണ്. അവിടെ ചെറിയൊരു മസ്ജിദുണ്ടായിരുന്നു. അത് ആ സമയത്ത് അവിടെ നിർമാണത്തിലായിരുന്നു. ആളുകൾ സ്വന്തം നിലയിലാണ് അതു നിർമിച്ചിരുന്നത്. ആ മസ്ജിദ് ആളുകൾ ജമാഅത്തിനു നല്കി. ജമാഅത്ത് അതിന്റെ പണിപൂർത്തിയാക്കി. പക്ഷേ, കുറച്ചു കാലത്തിനുശേഷം അവിടുത്തെ തദ്ദേശ ഇമാം-ഇയാൾ ആദ്യം ജമാഅത്തിൽ ബയ്അത്ത് ചെയ്ത് വരികയും പിന്നീട് ബുദ്ധിയിൽ വിള്ളലുണ്ടായി ഉപേക്ഷിച്ചു പോകുകയും ചെയ്തയാളാണ്, മസ്ജിദ് പിടിച്ചെടുത്തു. പിന്നീട് ആളുകളെ വഴിതെറ്റിക്കാനുള്ള ശ്രമവും തുടങ്ങി. പക്ഷേ, ആളുകൾ അല്ലാഹുവിന്റെ ഫള്ലുകൊണ്ട് ജമാഅത്തിൽ ഉറച്ചുനിന്നു. മൗലവി മസ്ജിദ് പിടിച്ചെടുത്തപ്പോൾ അവർ മരക്കഷണങ്ങളും പ്ലാസ്റ്റിക് ഷീറ്റുകളും ഉപയോഗിച്ച് താൽക്കാലികമായി മസ്ജിദ് പോലെ ഒരു ഷെഡ്ഡുണ്ടാക്കി അവിടെ നമസ്കരിക്കാൻ തുടങ്ങി. ജുമുഅയും ആരംഭിച്ചു. തങ്ങൾ ഒരു കെട്ടുറപ്പുള്ള മസ്ജിദാണ് വിട്ടുപോന്നതെന്നോർത്ത് ആരും ഒന്നും വകവെച്ചില്ല. എന്തായാലും അല്ലാഹു ഫള്ൽ ചെയ്തു. അദ്ദേഹം പറയുന്നു: ഈ വർഷത്തിന്നിടയിൽ ജമാഅത്തിന് അവിടെ രണ്ടുനിലയിൽ മനോഹരമായ മസ്ജിദ് നിർമിക്കാൻ തൗഫീഖു കിട്ടി. അതിന് ഗുമ്പദുമുണ്ട്. മിനാരവുമുണ്ട്. ഏതൊരു മസ്ജിദാണോ അനഹ്മദി ഇമാം പിടിച്ചെടുത്തത് അതിനെക്കാൾ പലഇരട്ടി വലുതും മനോഹരവുമായ മസ്ജിദാണ് ആ പ്രദേശത്ത് നിർമിച്ചത്.

പാക്കിസ്താനിലും ഒരു ഭാഗത്ത് നമ്മുടെ മിനാരങ്ങൾ തകർത്തുകൊണ്ടിരിക്കുന്നു. മസ്ജിദുകളുടെ മിഹ്റാബുകൾ തകർത്തുകൊണ്ടിരിക്കുന്നു. മറുഭാഗത്ത് അല്ലാഹു മറ്റുസ്ഥലങ്ങളിൽ നമുക്ക് മനോഹരമായ മസ്ജിദുകൾ പ്രദാനം ചെയ്യുന്നു. അധികമധികമായി നല്കിക്കൊണ്ടിരിക്കുന്നു.

അല്ലാഹു എങ്ങനെയാണ് എതിരാളികളുടെ പരിശ്രമങ്ങൾക്കെതിരിൽ നമ്മെ സഹായിക്കുന്നത്. ഛാഡ് ഒരു ആഫ്രിക്കൻ രാജ്യമാണ്. അവിടുത്തെ മുബല്ലിഗ് എഴുതുന്നു: "2022 മാർച്ചിൽ ജമാഅത്തിന്റെ ആദ്യത്തെ മസ്ജിദ് ഉൽഘാടനം ചെയ്തു. ഞാൻ കഴിഞ്ഞ വർഷത്തെ കാര്യമാണ് പറയുന്നത്. ഈവർഷത്തിലേത് ഇൻശാ അല്ലാഹ് വരാൻ പോകുന്നതേയുള്ളു. പറയുന്നു, ഛാഡിന്റെ തലസ്ഥാനത്ത് നമ്മുടെ മസ്ജിദിന്റെ ഉൽഘാടനം കഴിഞ്ഞു. അഹ്മദിയ്യ ജമാഅത്ത് നമ്മുടെ രാജ്യത്ത് ഒരു പുതിയ മതവുമായി വന്നിരിക്കുന്നുവെന്ന് പറഞ്ഞ് അസൂയാലുക്കൾ ഒരുപാട് കുതന്ത്രങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഉൽഘാടനത്തിനുശേഷം ജമാഅത്തിന് കുറച്ച് പ്രശസ്തിയുണ്ടായപ്പോൾ അസൂയാലുക്കളുടെ അംഗസംഖ്യയും വർധിക്കാൻ തുടങ്ങി. അവരുടെ എതിർനടപടിയും വർധിച്ചു തുടങ്ങി. മുറബ്ബി സാഹിബ് പയുന്നു:നമ്മുടെ പ്രദേശത്ത് കുറച്ചു ഇമാമുമാർ, നാമമാത്ര മൗലവിമാർ തങ്ങളുടെ മസ്ജിദുകളിൽ ജമാഅത്തിന്നെതിരിൽ പ്രസംഗിക്കാൻ തുടങ്ങി. അഹ്മദിയ്യ മസ്ജിദ് അടച്ചുപൂട്ടണമെന്നു പറഞ്ഞ് പ്രൊപഗണ്ട ചെയ്യാൻ തുടങ്ങി. ഇതുമായി ബന്ധപ്പെട്ട് അവർ ആളുകളെ സംഘടിപ്പിച്ചു. ഛാഡ് ഇസ്ലാമിക് കൗൺസിലിലുംപോയി. നിങ്ങളെന്തിനാണ് അഹ്മദിയ്യ ജമാഅത്തിന് മസ്ജിദ് നിർമിക്കാൻ അനുവാദം കൊടുത്തതെന്ന് അവരോടു ചോദിച്ചു. ജുമുഅയ്ക്കുവേണ്ടി മസ്ജിദ് എന്തിനാണ് തുറന്നു കൊടുത്തത്? ഈ

മസ്ജിദ് എത്രയുംവേഗം അടച്ചുപൂട്ടുക. ഇതുമുഖേന നമ്മുടെ പ്രദേശത്ത് കുഴപ്പങ്ങളുണ്ടാകുന്നു. ഇസ്‌ലാമിക് കൗൺസിലുകാർ പറഞ്ഞു:"ആരാധന നടത്തുക എന്നത് അവരുടെ, അഹ്മദികളുടെ അവകാശമാണ്. അല്ലാഹുവിന്റെ വീടായ മസ്ജിദ് ഞങ്ങളെങ്ങനെയാണ് അടച്ചുപൂട്ടുന്നത്? നിങ്ങൾക്കെന്തെങ്കിലും കുഴപ്പമുണ്ടാകുമെന്ന ഭയമുണ്ടെങ്കിൽ പോലീസിൽപോയി റിപ്പോർട്ടു ചെയ്യുക. അവിടുത്തെ ഇസ്‌ലാമിക് കൗൺസിലിന് കുറഞ്ഞപക്ഷം ഇത്രയെങ്കിലും ബുദ്ധിയുണ്ട്. നീതി ഇഷ്ടപ്പെടുന്നവരാണ്. അവർ ആരേയും ഭയപ്പെട്ടില്ല. പാക്കിസ്താനിൽ ജഡ്ജിയും ജനങ്ങളെ ഭയന്ന് നമുക്കെതിരിൽ വിധിയെഴുതുന്നു. നമുക്കവിടെ മസ്ജിദ് എന്ന് പറയുകതന്നെ വേറിട്ട കാര്യമാണ്. മസ്ജിദിൽ നമസ്കരിക്കാനോ ആരാധനാ കർമങ്ങൾ നടത്താനോ അനുവാദവുമില്ല. അതിനുശേഷം അവർ പോലിസ് ഹെഡ്കോർട്ടറിൽപോയി പരാതിപ്പെട്ടു. അതായത് തങ്ങളുടെ പ്രദേശത്ത് കുഴപ്പങ്ങളുണ്ടാകുന്നു. അഹ്മദികളെ നിരോധിക്കുക. അവർ പുതിയ മതവുമായി വന്നിരിക്കുന്നു. നഊദുബില്ലാഹ് നബി(സ)തിരുമേനിയെ അവർ അംഗീകരിക്കുന്നില്ല. പോലീസ് ഓഫീസർ മുബല്ലിഗിനെ വിളിപ്പിച്ചു. ജമാഅത്തിന്റെ രജിസ്ട്രേഷന്റെ കോപ്പിയും മസ്ജിദ് നിർമിക്കാനുള്ള അനുവാദം വാങ്ങിയതിന്റെ തെളിവും ചോദിച്ചു. എല്ലാ വസ്തുക്കളും എല്ലാ പേപ്പറുകളും സമർപിച്ചു. എന്നിട്ട് അവരോടു പറഞ്ഞു, നിങ്ങൾ പോകുക. അന്വേഷണം നടത്തി വിവരം അറിയിക്കാം. അതിനുശേഷം പോലീസ് ഓഫീസർ മഹല്ലിലെ ചീഫിനെ വിളിപ്പിച്ചു. നിങ്ങളുടെ മഹല്ലിൽ നബി(സ)തിരുമേനിയെ വിശ്വസിക്കാത്ത, പുതിയമതവുമായി വന്ന അഹ്മദികൾ മസ്ജിദ് നിർമിച്ചോ എന്ന് ചോദിച്ചു. ചീഫ് മറുപടി പറഞ്ഞു: അത്തരം കാര്യമൊന്നുമില്ല. ഞാൻ തന്നെ ജുമുഅ നമസ്കരിച്ചത് അഹ്മദികളുടെ ആ മസ്ജിദിലാണ്. അവർ മുസ്‌ലിമീങ്ങളെപ്പോലെ നമസ്കരിക്കുന്നു. മൂന്നു വർഷമായി എനിക്ക് അഹ്മദിയ്യാ ജമാഅത്തിനെ അറിയാം. സൃഷ്ടിസേവനത്തിന്റെ ഭാരിച്ച ജോലിയും ഇവർ ചെയ്യുന്നുണ്ട്. അങ്ങനെ പോലീസ് ഓഫീസർ ഒരു ദിവസം നമ്മുടെ മസ്ജിദിലും വന്നു. അദ്ദേഹം മസ്ജിദിന്റെ വെളിയിൽ ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് എന്നെഴുതിയിരിക്കുന്നതു കണ്ട് അന്തംവിട്ടുപോയി. അദ്ദേഹം പറഞ്ഞു, നിങ്ങൾ മുഹമ്മദു(സ)നെ വിശ്വസിക്കുന്നവരാണ്. അദ്ദേഹം മസ്ജിദിന്റെ ഉള്ളിലെ ഹാളിൽ വന്നപ്പോൾ അവിടെ എഴുതിയിരിക്കുന്ന ഖുർആനിക വചനങ്ങൾ കണ്ട് കൂടുതൽ അത്ഭുതപ്പെട്ടു. പിന്നീടു പറഞ്ഞു, നിങ്ങളുടെ ഖിബ്‌ലയും ഒന്നാണ്, മസ്ജിദിൽ സ്വഫ്ഫ് വരച്ചിട്ടുള്ളതും മുസ്‌ലിമീങ്ങളുടെ മസ്ജിദുപോലെതന്നെയാണ്. എന്നോടു പറഞ്ഞത് പുതിയമതവുമായി വന്നിരിക്കുന്നുവെന്നാണ്. എന്തായാലും പോലീസും ഒരു നടപടിയും കൈക്കൊണ്ടില്ല. ചുറ്റുവട്ടത്തുള്ള അനഹ്മദികളുടെ വീടുകളിലും കയറി ചോദിച്ചു. തങ്ങളുമായി ഒരു പ്രശ്നവുമില്ലെന്ന് അവരും പറഞ്ഞു. പോലീസിൽനിന്ന് ഒരു നടപടിയും ഉണ്ടാകുന്നില്ലെന്ന് കണ്ടപ്പോൾ അവർ വീടുകളിൽപോയി പറയാൻ തുടങ്ങി. അവരെ ഇവിടെനിന്ന് പുറത്താക്കാൻ ബഹളമുണ്ടാക്കണമെന്ന് അവരോടു പറഞ്ഞു. അവരും പറഞ്ഞത്, മസ്ജിദ് അല്ലാഹുവിന്റെ ഭവനമാണ്. ഇസ്‌ലാമിന് വിഭിന്നമായ ഒന്നും ഞങ്ങൾക്ക് അവിടെ കാണാൻ കഴിഞ്ഞിട്ടില്ല. എന്തായാലും എല്ലാവിധത്തിലും അവർക്ക് പരാജയത്തിന്റെ മുഖം കാണേണ്ടിവന്നു.

അല്ലാഹു എങ്ങനെയാണ് ജമാഅത്തിൽ ചേരുന്നതിന് ആളുകളുടെ മനസ്സിൽ കാര്യങ്ങളിടുന്നത്? ഇതുസംബന്ധമായി ഒരു സംഭവം ബിലിസിലെ മുബല്ലിഗ് വിവരിക്കുന്നു: ബെലീസ് സെൻട്രൽ അമേരിക്കിയിലെ ഒരുരാജ്യമാണ്. മെത്തോഡിസ്റ്റ് ചർച്ചുമായി ദൃഢഗാഢബന്ധമുള്ള ഒരു സ്ത്രീ മസ്ജിദ് നൂറിന്റെ നിർമാണപ്രവർത്തനം കണ്ടിരുന്നു. അപ്പോൾ അല്ലാഹു അവരുടെ മനസ്സിൽ ഈ മതം സ്വീകരിക്കണമെന്ന ചിന്തയുണ്ടാക്കി. മസ്ജിദ് നിർമാണം പൂർത്തിയായി ഉൽഘാടനഘട്ടമെത്തിയപ്പോൾ അവർ സുഹൃത്തുക്കളോടു പറഞ്ഞു, ഞാൻ അവിടെപോയി അവരുടെ ജമാഅത്തിന്റെ ഭാഗമാകണമെന്ന് അല്ലാഹു എനിക്ക് ബോധ്യം നല്കിയിരിക്കുന്നു. അവരുടെ സുഹൃത്തുക്കൾ പറഞ്ഞു:നിങ്ങളുടെ വീടിന്നടുത്ത് മുസ്‌ലിമീങ്ങളുടെ വേറൊരു മസ്ജിദുമുണ്ട്. നിങ്ങൾക്ക് മുസ്‌ലിമാകണമെന്ന് നിർബന്ധമാണെങ്കിൽ നിങ്ങൾക്ക് അവിടെ പോകാവുന്നതാണ്. ആ സ്ത്രീ പറഞ്ഞു, അല്ലാഹു അഹ്മദിയ്യ ജമാഅത്തിനെ സംബന്ധിച്ച് അവരാണ് ശരിയായ മുസ്‌ലിമീങ്ങളെന്നും അതുകൊണ്ട് അവിടെപോയി അവരുടെകൂടെ കൂടണമെന്നുമാണ് എനിക്കു മനസ്സിലാക്കിത്തന്നിരിക്കുന്നത്. അങ്ങനെ അവർ മസ്ജിദിൽ വന്നു. ജമാഅത്തിനെ സംബന്ധിച്ച് പരിചയപ്പെടുത്തിയപ്പോൾ എങ്ങനെയാണ് അല്ലാഹു അവരെ ഈ ജമാഅത്തിൽ എത്തിച്ചതെന്നതിനെപറ്റി ഓർത്ത് അവർ വികാരാധീനയാവുകയും ചെയ്തു.

മുറബ്ബി സാഹിബ് അവരോടു പറഞ്ഞു, ഹദ്റത്ത് മസീഹ് മൗഊദിന് അല്ലാഹുവിൽനിന്നുണ്ടാ അരുളപ്പാടാണ്,'ഞാൻ നിന്റെ പ്രബോധനത്തെ ഭൂമിയുടെ അറ്റങ്ങളോളമെത്തിക്കും' എന്നത്. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിനുവേണ്ടി അല്ലാഹു ഇപ്രകാരം പ്രവർത്തിക്കുന്നു. അതുകൊണ്ട് മസ്ജിദ് വന്നതിനുശേഷം ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ അധ്യാപനം അറിഞ്ഞതിനുശേഷം അവർ കുറച്ചു ദിവസത്തിനുള്ളിൽ ബയ്അത്തു ചെയ്തു ജമാഅത്തിൽ ചേർന്നു.

ചിലനേരത്ത് ചിലയാളുകൾ തെറ്റായധാരണ കാരണത്താലോ ജനങ്ങൾ പറയുന്നതു കേട്ടിട്ടോ എതിർപ്പ് കാണിക്കാറുണ്ട്. പക്ഷേ, ഇവർ സൽപ്രകൃതക്കാരാണ്. ഇങ്ങനെയുള്ളവർക്ക് അല്ലാഹു എങ്ങനെയാണ് നേർമാർഗം കാണിച്ചുകൊടുക്കുന്നതെന്നതിനെപറ്റി ഒരു സംഭവം മുബല്ലിഗ് ഇൻചാർജ് ഗാംബിയ എഴുതുന്നു: ജമാറ ജില്ലയിലെ ഒരു പ്രദേശമുണ്ട്. അവിടെ നിർമിക്കുന്ന മസ്ജിദിന്റെ വാതിലുകൾക്കും ജനലുകൾക്കും വേണ്ടി ഗ്ലാസ്സ് വാങ്ങുകയായിരുന്നു. ചില്ലുകൾ അളവനുസരിച്ച് മുറിപ്പിക്കുന്നതിനുവേണ്ടി ആ ജോലിയിൽ വിദഗ്ദ്ധനായ അബൂബക്ർ സാബാലി സാഹിബിന് കൊടുത്തുകൊണ്ട് ഇത് മസ്ജിദിന്റെ നിർമാണ പ്രവർത്തനത്തിനുവേണ്ടിയുള്ള ഗ്ലാസ്സാണെന്ന് പറഞ്ഞു. ഇതു മസ്ജിദിനുവേണ്ടിയുള്ളതായതുകൊണ്ട് കൂലി കറുച്ചുമതിയെന്ന് അദ്ദേഹം പറഞ്ഞു. അങ്ങനെ ഗ്ലാസ്സുമായി അദ്ദഹത്തിന്റെ അടുത്തെത്തി. ഇത്രയും വിദൂരസ്ഥലത്ത് മസ്ജിദ് കണ്ടപ്പോൾ അദ്ദേഹത്തിന് വളരെ സന്തോഷഷമുണ്ടായി. പക്ഷേ, അത് അഹ്മദികളുടെ മസ്ജിദാണെന്നറിഞ്ഞപ്പോൾ അയാൾ കോപാകുലനാകുകയും ചെയ്തു. ഗ്ലാസ്സു മുറിച്ചപ്പോൾ അയാൾക്കും പരിക്കുപറ്റി. പക്ഷേ, അല്ലാഹു എങ്ങനെയാണ് അയാൾക്ക് മാർഗദർശനം നല്കിയത്. അദ്ദേഹം പറയുന്നു: ഞാൻ രാത്രിയിൽ സ്വപ്നത്തിൽ അലറിക്കരയുന്നതായും സമുദ്രത്തിൽ മുങ്ങുന്നതായും കണ്ടു. രക്ഷപ്പെടുമെന്ന ഒരു പ്രതീക്ഷയും ഇല്ലാതായപ്പോൾ അയാളെ രക്ഷപ്പെടുത്താൻ ഒരു തോണി വരുന്നതുകണ്ടു. ആ തോണിയിൽ ജമാഅത്തിന്റെ അമീറിനേയും മുറബ്ബിയേയും കണ്ടു. അടുത്ത ദിവസം വെള്ളിയാഴ്ചയായിരുന്നു. അദ്ദേഹം മിഷൻഹൗസിൽവന്ന് ബയ്അത്ത് ചെയ്ത ജമാഅത്തിൽ ചേർന്നു.

ടാൻസാനിയാ(ഠമിമിശമ)യിൽ അഹ്മദിയ്യത്ത് സ്വീകരിച്ച ഒരു സംഭവമുണ്ട്. സൈമ്യു റീജ്യണിലുള്ള ഒരു ജമാഅത്താണ് മവാബുമ. മുഅല്ലിമീൻ അവിടെ തബ്‌ലീഗ് ആരംഭിച്ചു. തദ്ദേശവാസികളോടു മസ്ജിദും മിഷൻഹൗസും നിർമിക്കുന്നതിന് സ്ഥലം വാങ്ങാനിറങ്ങിയപ്പോൾ അവർ പറഞ്ഞ വില വളരെ കൂടുതലായിരുന്നു. അന്വേഷിച്ചപ്പോൾ നമുക്കെതിരിൽ അവിടുത്തെ തദ്ദേശപാതിരിമാർ മസ്ജിദ് നിർമിക്കാൻ ആരും സ്ഥലം നല്കരുതെന്ന് നിർദേശിച്ചിട്ടുള്ളതായി അറിയാൻ കഴിഞ്ഞു. അവർ മന്ത്രവാദം ചെയ്യുന്നവരാണെന്നും അവരുടെ പക്കൽ ജിന്നുണ്ടെന്നും ഖുർആൻ മുഖേന അവർ ആരെവേണമെങ്കിലും കൊല്ലുമെന്നും അതൊന്നും ആർക്കും അറിയാൻ കഴിയില്ലെന്നും പറഞ്ഞ് കാമ്പയിൻ തുടങ്ങിയിട്ടുള്ളതായും വിവരം കിട്ടി. ഈ ഭയം കാരണം ആരുംതന്നെ നമുക്ക് മസ്ജിദ് നിർമിക്കാൻ സ്ഥലംതന്നില്ല. അതാകട്ടെ ക്രിസ്ത്യാനികളുടെ തട്ടകവുമായിരുന്നു. തുടർന്ന് മുഅല്ലിമീങ്ങൾ ഓരോ വീട്ടിലും പോയി. ജനങ്ങളുടെ അസ്വസ്ഥതകൾ അകറ്റി. ജനങ്ങളും അഭിപ്രായങ്ങൾ മാറ്റിയെടുക്കാൻ ശ്രമിച്ചു. ഏതാനും മാസങ്ങൾക്കുള്ളിൽ ഒരു യുവാവ് തന്റെ ഒരേക്കർ സ്ഥലം നമുക്ക് നല്കാമെന്ന് സമ്മതിച്ചു. അങ്ങനെ ജമാഅത്ത് അയാളിൽനിന്ന് സ്ഥലം വാങ്ങി. അയാൾ പറഞ്ഞു, മസ്ജിദിനുവേണ്ടി സ്ഥലം വിറ്റതിനുശേഷം ഒരുപാട് അനുഗ്രഹങ്ങളാണ് ലഭിച്ചത്. ഒരാൾ വർഷങ്ങളായി വാങ്ങിയ കടം തിരിച്ചുതരാനുണ്ടായിരുന്നു. അതുകൊണ്ട് പല ജോലികളും മുടങ്ങിപ്പോയിരുന്നു. ഈ സ്ഥലക്കച്ചവടമായതിനു ഏതാനും ദിവസങ്ങൾക്കുശേഷം അയാൾ സ്വയമേവ എല്ലാ പണവും മടക്കിത്തന്നു. എന്റെ കടങ്ങളെല്ലാം അതുമുഖേന കൊടുത്തു വീട്ടാനും കഴിഞ്ഞു. ഏതായാലും അതിന്റെ സ്വാധീനഫലമായി അയാൾ കുടുംബസമേതം അഹ്മദിയായി. അതിനുശേഷം ഈ പ്രദേശത്ത് അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിന്റെ ഒരു പ്രത്യേക കാറ്റ് വീശിത്തുടങ്ങി. നൂറുക്കണക്കിനാളുകൾ ബയ്അത്ത് ചെയ്തുകൊണ്ട് അഹ്മദിയ്യത്തിൽ പ്രവേശിച്ചു. അവിടെ ജമാഅത്തിന് ഒരു വലിയ മസ്ജിദും മിഷൻഹൗസുമുണ്ടാക്കാനും തൗഫീ

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം •**

**'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.'(ജുമുഅ ഖുത്ബ 4–10–2019)**

**• തിരുനബിയുടെ തിരുമൊഴികൾ •**

**അബൂഖത്താദ നിവേദനം. നബി(സ) പറഞ്ഞു: 'നമസ്കാരത്തിന് ഇഖാമത്ത് വിളിച്ചാൽ, എന്നെ കാണുംവരെ നിങ്ങൾ എഴുന്നേല്ക്കരുത്.' (മുസ്‌ലിം, ഹദീഥ് 264)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

ഖു കിട്ടി.

അല്ലാഹു സന്മാർഗം നല്കാനുദ്ദേശിച്ചാൽ അതിനുള്ള സംവിധാനവും അത്ഭുതകരമായ രീതിയിൽ ഒരുക്കുന്നു.

ആഫ്രിക്കയിലെ ഒരു പ്രദേശമാണ് സാവുതോമെ. അവിടുത്തെ മുബല്ലിഗ് എഴുതുന്നു:മൊറോക്കോയിലുള്ള ഒരു സഞ്ചാരി സാവുതോമെയിൽ വന്നിരുന്നു. അയാൾ ജനങ്ങളോടു അവിടെ മുസ്‌ലിമീങ്ങളുടെ മസ്ജിദ് വല്ലതുമുണ്ടോ എന്ന് അന്വേഷിച്ചു.അപ്പോൾ ആളുകൾ നമ്മുടെ മസ്ജിദ് പരിചയപ്പെടുത്തിക്കൊടുത്തു. അദ്ദേഹം ജുമുഅ നമ്മളോടൊപ്പം നമസ്കരിച്ചപ്പോഴാണ് അത് അഹ്മദിയ്യ ജമാഅത്തിന്റെ മിഷൻ ഹൗസാണെന്ന് മനസ്സിലായത്. കുറച്ചുനേരം അയാൾ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. അതിനുശേഷം അറബി ഭാഷയിൽ 'സിർറുൽഖിലാഫ' 'മദ്ഹബ് കെ നാം പർ ഖൂൻ' എന്നീ ഗ്രന്ഥങ്ങൾ വായിക്കുകയും എം.ടി.എ യിലെ അറബി പ്രോഗ്രാം കാണുകയും ചെയ്തു. കുറച്ചുസമയം അവിടെത്തന്നെ കഴിച്ചുകൂട്ടി. ആ നേരത്ത് ആഗോള ബയ്അത്ത് തൽസമയമോ അതല്ല റെക്കോർഡിംഗോ എം.ടി.എ യിൽ സംപ്രേഷണം ചെയ്യുന്നുണ്ടായിരുന്നു. മാർച്ചിൽ അദ്ദേഹം വീണ്ടും വന്നു. കഴിഞ്ഞ വർഷത്തെ മാർച്ചിൽ നടന്ന കാര്യമാണിത്. തനിക്ക് ബയ്അത്തു ഫോറം കാണാൻ ആഗ്രഹമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഞങ്ങൾ അദ്ദേഹത്തിന് അറബിയിലുള്ള ബയ്അത്ത് ഫാറം കൊടുത്തപ്പോൾ അതു പൂരിപ്പിച്ചുകൊണ്ടുവന്നു. ഞങ്ങൾ അദ്ദേഹത്തോടു പറഞ്ഞു:ഇത്ര ധിറുതി കാണിക്കണ്ട. കുറച്ചുകാലം ദുആ ചെയ്തതിനുശേഷം തീരുമാനമെടുത്താൽ മതി. അദ്ദേഹം പറഞ്ഞു: ഞാൻ രാത്രിമുഴുവൻ ദുആ ചെയ്യുകയായിരുന്നു. എന്റെ മനസ്സ് തൃപ്തിപ്പെട്ടിരിക്കുന്നു. എനിക്കിനി കൂടുതൽ സ്വബ്ർ ചെയ്യാൻ കഴിയില്ല. ഇമാമില്ലാത്ത മരണം വരിച്ചാൽ ആരാണ് സമാധാനം പറയുക? അഹ്മദിയ്യ ജമാഅത്ത് സത്യമാർഗത്തിലാണെന്ന് എനിക്ക് ബോധ്യപ്പെട്ടിരിക്കുന്നു. ഞാൻ അദ്ദേഹത്തോടു പറഞ്ഞു, നിങ്ങളുടെ രാജ്യത്തുള്ള മറ്റു മുസ്‌ലിമീങ്ങൾ നിങ്ങളെ എതിർക്കുന്നതാണ്. അതിനെ നിങ്ങളെങ്ങനെയാണ് നേരിടുക?അദ്ദേഹം പറഞ്ഞു, ഞാൻ മാതാപിതാക്കളോടു പറഞ്ഞിട്ടുണ്ട്. അവർക്ക് ഒരു ആക്ഷേപവുമില്ല. എന്നല്ല അവർ സന്തുഷ്ടരുമാണ്. പിന്നെ മറ്റുള്ളവരുടെ എതിർപ്പുകൊണ്ട് എനിക്കൊരു പ്രശ്നവുമില്ല. കാരണം യഥാർഥ ഇസ്‌ലാമിൽ മരിക്കാൻ കഴിയുന്നുവെങ്കിൽ എന്നെ സംബന്ധിച്ചിടത്തോളം അതിലും വലുതായി ഒന്നുംതന്നെയില്ല. മുറബ്ബി സാഹിബ് പറയുന്നു:അദ്ദേഹത്തിന്റെ പിതാവുമായി വീഡിയോ മുഖേന ഞാൻ സംസാരിച്ചരുന്നു. അദ്ദേഹം വളരെ സന്തോഷം പ്രകടിപ്പിക്കുകയുണ്ടായി. മാത്രമല്ല മകനെ ഉപദേശിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: ഞാൻ സകലകാര്യങ്ങളും കേട്ടു. ഇപ്പോൾ നീ ബയ്അത്ത് ചെയ്തിരിക്കുകയാണ്. അതുകൊണ്ട് ജമാഅത്തിൽ ഉറച്ചുനിൽക്കുക. സ്ഥിരചിത്തത കാണിക്കുകയും ചെയ്യുക. മൊറോക്കോയിൽ അഹ്മദികളും ജമാഅത്തുമുണ്ടെങ്കിലും ഒരാൾക്ക് അവിടെനിന്ന് ജമാഅത്തിനെ പരിചയപ്പെടാൻ കഴിഞ്ഞില്ല. അല്ലാഹു ആഫ്രിക്കയിലെ ഒരു രാജ്യത്തിലെ വിദൂരമായ സ്ഥലത്തേക്ക് അയച്ചു. അവിടെ അദ്ദേഹത്തിന് സന്മാർഗത്തിനുള്ള സംവിധാനം ചെയ്യുകയുണ്ടായി.

ഉസ്ബക്കിസ്താനിൽ ഒരാളുണ്ട്. ബാബാ യോദ് സാഹിബ്. അദ്ദേഹം പറയുന്നു:ഞാൻ മുസ്‌ലിം കുടുംബത്തിലാണ് ജനിച്ചത്. എനിക്ക് 31 വയസ്സുണ്ട്. ഉസ്ബക്കിസ്താനിലെ താശ്ക്കന്ത് നഗരവാസിയാണ്. ഞാൻ വിശുദ്ധ ഖുർആൻ പഠിക്കാൻ ഒരു അധ്യാപകനെ അന്വേഷിക്കുകയായിരുന്നു. ബാബർ ജാൻ സാഹിബുമായി കണ്ടുമുട്ടി. അദ്ദേഹത്തിൽനിന്ന് യഥാർഥ ഇസ്‌ലാമിനെ പറ്റി കേൾക്കുകയും വിശുദ്ധ ഖുർആൻ പഠിക്കുകയും ചെയ്തു. അദ്ദേഹം ഈ സത്യം സ്വീകരിക്കുന്നതിൽ നിന്ന് എന്നെ സാക്ഷിയാക്കുകയും ചെയ്തു. അങ്ങനെ ഞാൻ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. അല്ലാഹു വിശുദ്ധ ഖുർആൻ പഠിക്കാൻ ഒരു അഹ്മദിയെ ഉസ്താദായി ഏർപാടു ചെയ്തു. ഇത്തരം നിരവധി സംഭവങ്ങളുണ്ട്. ഇതൊരു യാദൃച്ഛിക സംഭവമല്ല. ലോകത്തിലെ വിവിധ രാജ്യങ്ങളിൽ ഇങ്ങനെയുള്ള സംഭവങ്ങളുണ്ട്. നേരത്തേയും ഞാനൊന്ന് കേൾപ്പിച്ചിട്ടുണ്ടായിരുന്നു. ഇത് അല്ലാഹുവിന്റെ സഹായത്തിന്റെ പ്രത്യേക അടയാളമാണ്.

ഉസ്ബക്കിസ്താനിൽനിന്നുതന്നെയുള്ള അളീം ഔഫ് സാഹിബ് പറയുന്നു: ഞാൻ മുസ്‌ലിം കുടുംബത്തിലാണ് പിറന്നത്. 4 വർഷം മുമ്പേ ഞാൻ കൃത്യമായി നമസ്കരിച്ചുതുടങ്ങി. പിന്നെ വിശുദ്ധ ഖുർആൻ തർജമയും പഠിക്കാൻ തുടങ്ങി. ഒരു ദിവസം എനിക്കൊരു എഴുത്തു ലഭിക്കുകയുണ്ടായി. അതിൽ നബി(സ)തിരുമേനി തന്റെ ഉമ്മത്തിൽ എപ്പോഴും സത്യത്തിൽനിലകൊള്ളുന്ന ഒരു വിഭാഗമുണ്ടാകുമെന്നും അവർക്ക് നഷ്ടം വരുത്താൻ ആർക്കും സാധ്യമല്ലെന്നും എഴുതിയിരുന്നു. ആ വാക്കുകൾ എന്റെ മനസ്സിൽ പ്രവേശിച്ചിട്ടുണ്ടായിരുന്നു. ഞാൻ ദുആകളിലും നമസ്കാരത്തിലും ആ കൂട്ടരിൽ ഉൾപ്പെടുത്തുന്നതിന് അല്ലാഹുവിനോടു പ്രാർഥിച്ചുതുടങ്ങി. അതിനുശേഷം എനിക്കു നിരവധി പ്രയാസങ്ങളാണ് നേരിടേണ്ടിവന്നത്. എന്നെ ജോലിയിൽനിന്ന് പിരിച്ചുവിട്ടു. പക്ഷേ, ഞാൻ ദുആ തുടർന്നുപോന്നു. പിന്നീട് എന്റെ ഉള്ളിൽ ഖുർആൻ പഠിക്കുന്നതിനുള്ള ആഗ്രഹമുണ്ടായി. വീണ്ടും ബാബർസാഹിബുമായി എന്റെ കൂടിക്കാഴ്ച അല്ലാഹു ഒരുക്കി. ഈ ഉസ്താദ് അഹ്മദിയ്യ ജമാഅത്തുമായി ബന്ധപ്പെട്ട ആളായിത്തീർന്നു. എനിക്ക് അതിനെക്കുറിച്ച് അറിയില്ലായിരുന്നു. ആദ്യം ഞാൻ ഖുർആൻ ഓതാൻ പഠിച്ചു. ഒരു ദിവസം ഞാൻ സ്വപ്നത്തിൽ കഅ്ബയും അതിനടുത്തുപോയി അതിനെ തൊടുന്നതും കണ്ടു. അപ്പോൾ എനിക്ക് വുളു ഇല്ലെന്നുള്ള ചിന്തയുണ്ടായി. അങ്ങനെ ഞാൻ വുളു ചെയ്യാൻ കുളിമുറിയിൽ കയറി. അപ്പോഴേക്കും ഞാനുണർന്നു. എന്തായാലും ഒരു അഹ്മദി ഉസ്താദ് മുഖേന എന്റെ പഠനം തുടർന്നുപോന്നു. ഒരു ദിവസം ഞാൻ അദ്ദേഹത്തോടു ഈസബ്നുമർയം ആകാശത്തുനിന്നിറങ്ങുന്നതിനെ സംബന്ധിച്ചു ചോദിച്ചു. അദ്ദേഹം പറഞ്ഞു: ഈസബ്നുമർയം മരിച്ചുപോയിരിക്കുന്നു. ഈസബ്നുമർയമിന്റെ രൂപത്തിൽ വരാനുള്ള വ്യക്തി ഇമാം മഹ്ദിയാകുന്നു. പിന്നീട് ഞാൻ ഗവേഷണം നടത്തുകയും കാര്യങ്ങൾ മനസ്സിലാക്കുകയും ചെയ്തു. പിന്നീടു ഞാൻ ഉസ്താദിനോടു പറഞ്ഞു:ആ വ്യക്തി ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ആകുന്നു. ഉസ്താദ് അദ്ദേഹത്തെ തബ്ലീഗ് ചെയ്യാതെ  അദ്ദേഹം വെളിപ്പെട്ടിരിക്കുന്നുവെന്ന് മാത്രം അദ്ദേഹത്തോടു പറഞ്ഞു. സ്വയം അന്വേഷിക്കുക. ചുരുക്കത്തിൽ അദ്ദേഹം അന്വേഷണം നടത്തുകയും ഇന്റർനെറ്റു മറ്റുമാധ്യമങ്ങളും മുഖേനയുള്ള അന്വേഷണത്തിൽ നിന്ന് മിർസാ ഗുലാം അഹ്മദ് ഖാദിയാനിയാണ് ഇമാം മഹ്ദി എന്നറിയുകയും ചെയ്തു. ഞാനിത് പറഞ്ഞപ്പോൾ എന്റെ ഉസ്താദ് നമ്മൾ കാത്തിരിക്കുന്ന ഇമാം മഹ്ദി മിർസാ ഗുലാം അഹ്മദ് (അ)തന്നെയാണെന്ന് അദ്ദേഹവും സാക്ഷ്യപ്പെടുത്തി. അദ്ദേഹം പറയുന്നു: ഇമാം മഹ്ദിയുടെ എല്ലാ അടയാളങ്ങളും പുലർന്നതായി കണ്ടിട്ടും ഞാൻ സംശയം പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണ് ചെയ്തത്. തുടർന്ന് എന്റെ ഉസ്താദ് അഹ്മദിയ്യ ജമാഅത്തിനെ കുറിച്ച് പറയുകയും താൻ ആ ജമാഅത്തിൽപ്പെട്ടയാളാണെന്നും ആ ജമാഅത്ത് ഇപ്പോൾ എണ്ണത്തിൽ കുറവാണെന്നും എനിക്കു താങ്കളെപ്പോലെ വേറെയും ശിഷ്യന്മാരുണ്ടെന്നും പറയുകയുണ്ടായി. അദ്ദേഹത്തിന്റെ ശിഷ്യന്മാരെ എനിക്ക് പരിചയപ്പെടുത്തുകയും ചെയ്തു. അദ്ദേഹം പറയുന്നു: ഞാൻ ഗവേഷണം നടത്തി. ദുആകൾക്കും അന്വേഷണങ്ങൾക്കും ശേഷം അല്ലാഹു എന്റെ ദുആകളും സ്വീകരിച്ചു. തുടർന്ന് ഞാൻ ബയ്അത്തു ചെയ്യുകയുണ്ടായി.

ഇപ്രകാരം ഉസ്ബക്കിസ്താനിലെ മറ്റൊരു വ്യക്തിക്കും ഇതുപോലുള്ള സംഭവമുണ്ടായിട്ടുണ്ട്. അദ്ദേഹത്തിനും കഴിഞ്ഞവർഷം ബയ്അത്തു ചെയ്യാനുള്ള തൗഫീഖു കിട്ടി.

ഇനി ആഫ്രിക്കൻ രാജ്യത്തുനിന്നുള്ള ഒരു റിപ്പോർട്ടുണ്ട്. അവിടുത്തെ മുബല്ലിഗ് പറയുന്നു: അദ്ദേഹവും തദ്ദേശ മുഅല്ലിമും ഒരു ജമാഅത്തിൽ മീറ്റിംഗിൽ പങ്കെടുത്ത് തിരിച്ചുവരികയായിരുന്നു. വൈകുന്നേരമായിക്കഴിഞ്ഞിരുന്നു. ഇനിയും ഒരുപാട് യാത്ര ചെയ്യേണ്ടതായിട്ടുണ്ട്. അങ്ങനെ ഒരു ഗ്രാമത്തിലൂടെ കടന്നുപോകുമ്പോൾ വഴിയിൽ കുറെയാളുകൾ അവിടെ നില്ക്കുന്നതുകണ്ടു. അവർ ഞങ്ങളെ തടഞ്ഞുകൊണ്ടു പറഞ്ഞു:ഇന്ന് രാവിലെ നിങ്ങൾ ഈ വഴിയിലൂടെ പോകുന്നത് ഞങ്ങൾ കണ്ടിരുന്നു. നിങ്ങൾ തിരിച്ചുവരുമെന്ന് ഞങ്ങൾക്കുറപ്പായിരുന്നു. ഞങ്ങൾ കുറെ നേരമായി നിങ്ങളെ കാത്തുനില്ക്കുകയാണ്. നിങ്ങൾക്ക് ഞങ്ങളുടെ ഗ്രാമത്തോടു വല്ല വെറുപ്പുമുണ്ടോ? കാരണം ചുറ്റുപാടുമുള്ള ഗ്രാമങ്ങളിൽ നിങ്ങളുടെ ആളുകളും ജമാഅത്തും മസ്ജിദുകളുമുണ്ട്. പക്ഷേ, ഞങ്ങളുടെ ഗ്രാമത്തിൽ ഇന്നുവരെ സന്ദേശമെത്തിച്ചിട്ടില്ല. അവർ പറയുന്നു: ഞങ്ങൾ അപ്പോൾത്തന്നെ അവിടെ പോയി. തബ്ലീഗ് പരിപാടി സംഘടിപ്പിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബയ്അത്തുകളും ലഭിച്ചു. അല്ലാഹു ജനഹൃദയങ്ങളിൽ സത്യമന്വേഷിക്കാൻ നേരിട്ട് ബോധവൽക്കരണം നടത്തുകയാണ്.

**• കലാമുൽ ഇമാം: •**

**ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല.(മൽഫൂദാത്ത് വാള്യം.1 പേ.64)**

ത്വാലിബെ ദുആ:
P. Abdul Ameer
Ahmadiyya Jama-ath Pathappiriyam, Kerala

**• അല്ലാഹുവിന്റെ കലാം: •**

**ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ.(വിശുദ്ധ ഖുർആൻ 3:148)**

ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK
,ERNAKULAM. CONT: 79025 95215

സെൻട്രൽ ആഫ്രിക്കയിലെ മുബല്ലിഗ് ഇൻചാർജ് എഴുതുന്നു:നാഗാല ഗ്രാമവുമായി ബന്ധം വെക്കുന്ന ഒരു അനഹ്മദി ഇമാം തബ്‌ലീഗുപരമായ കാര്യങ്ങളുമായി നമ്മുടെ അഹ്മദി ഗ്രാമത്തിൽ വന്നു. മസ്ജിദ് കണ്ടപ്പോൾ ഇതാരാണ് നിർമിച്ചതെന്ന് ചോദിച്ചു. അഹ്മദികളാണ് നിർമിച്ചതെന്ന് മറുപടിയും നല്കി. മാശാഅല്ലാഹ് വളരെ മനോഹരമായ മസ്ജിദെന്ന് അദ്ദേഹം അഭിപ്രായവും പറഞ്ഞു. അടുത്ത് ദിവസം ഈ മൗലവി സാഹിബ് സെൻട്രൽ മിഷൻ ഹൗസ് ബാങ്കിയിൽ വന്നു. മുബല്ലിഗു സാഹിബുമായി ചോദ്യോത്തരങ്ങൾ നടന്നുകൊണ്ടിരുന്നു. അവസാനം അദ്ദേഹം മുബല്ലിഗിനോടു ചോദിച്ചു, നിങ്ങളുടെ ജമാഅത്തിൽ ചേരുന്നതെങ്ങനെയാണ്? മുബല്ലിഗ് സാഹിബ് പറഞ്ഞു, ഈമാൻ അഥവാ വിശ്വാസം ഹൃദയവുമായി ബന്ധപ്പെട്ട കാര്യമാണ്. ജമാഅത്തിന്റെ വിശ്വാസവുമായി നിങ്ങൾ യോജിക്കുന്നുവെങ്കിൽ നിങ്ങളുടെ ഹൃദയം അഹ്മദിയ്യത്തു സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു. പക്ഷേ, ഞങ്ങളുടെ കൈയിൽ ബയ്അത്ത് ഫോറമുണ്ട്. അതിൽ വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ് (അ)ന്റെ ബയ്അത്തിനെ സംബന്ധിച്ചുള്ള 10 നിബന്ധനയുണ്ട്. അത് നിങ്ങൾ വായിച്ചു നോക്കുക. അങ്ങനെ അദ്ദേഹം ബയ്അത്തു ഫാറം വായിക്കാൻ തുടങ്ങി. അതു വായിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിന്റെ കണ്ണീരൊഴുകാൻ തുടങ്ങി. എന്തിനാണ് കരയുന്നതെന്ന് അദ്ദേഹത്തോടു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു:ഞാനെന്നെ ഒരു പണ്ഡിതാനാണെന്ന് കരുതിയിരുന്നു. മൗലവിമാരിൽനിന്ന് ജമാഅത്തിനെ കുറിച്ച് ഒരുപാട് കേട്ടിട്ടുണ്ട്. വളരെ തെറ്റായ കാര്യങ്ങളാണ് കേട്ടിരുന്നത്. ഈ ബയ്അത്ത് ഫോറത്തിലെ 10 നിബന്ധനകൾ വായിച്ചപ്പോൾ ഞാൻ ജമാഅത്തിനെ കുറിച്ചെന്താണ് മനസ്സിലാക്കി വെച്ചിരുന്നതെന്ന് ചിന്തിച്ചുപോയി. നിങ്ങളുടെ അധ്യാപനമറിഞ്ഞപ്പോൾ എനിക്കെന്റെ കഴിഞ്ഞ ജീവിതത്തെ കുറിച്ച് ഖേദമുണ്ടായി. അതുകൊണ്ട് എനിക്കെന്റെ വികാരത്തെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. അങ്ങനെ ഈ ബയ്അത്ത് ഫോറം വായിച്ചപ്പോൾ അഹ്മദിയ്യ ജമാഅത്ത് സത്യവും ഋജുവായതുമായ ജമാഅത്താണെന്ന് എനിക്ക് ബോധ്യമായി. നിങ്ങളുടെ മസ്ജിദുകളും ഖിബ്‌ലയക്ക് അഭിമുഖമാകുന്നു. ഞങ്ങൾ നമസ്കരിക്കുന്ന അതേ നമസ്കാരം തന്നെയാണ് നിങ്ങളുടേതും. ഞങ്ങളോതുന്ന അതേ ഖുർആൻ തന്നെയാണ് നിങ്ങളും ഓതുന്നത്. അതുകൊണ്ട് ഞാനിന്ന് ഹൃദയപൂർവം ജമാഅത്ത് സ്വീകരിക്കുകയാണ്. എന്തായാലും അദ്ദേഹത്തിന് കുറച്ചുകൂടി സാഹിത്യങ്ങൾ കൊടുത്തു. അദ്ദേഹം പറയുന്നു:ഞാൻ ഇതു വായിക്കുകയും മറ്റു മൗലവിമാർക്ക് വായടപ്പൻ മറുപടി കൊടുക്കുകയും ചെയ്യുന്നതാണ്.

അല്ലാഹു എങ്ങനെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിനെ വർധിപ്പിക്കുകയും വിശ്വാസികളുടെ എണ്ണം കൂട്ടുകയും ചെയ്യുന്നതെന്ന് നോക്കുക.

ഗയാനയിലെ മുബല്ലിഗ് എഴുതുന്നു:ലണ്ടൻ ജമാഅത്തിൽ കൃത്യമായി ബുക്സ്റ്റാൾ നടത്തുവാനും ജനങ്ങൾക്ക് നോട്ടീസുകൾ വിതരണം ചെയ്യാനും പരിപാടിയുണ്ടായിരുന്നു. ഒരു ദിവസം ആരുടേയോ ഒരു ഫോൺകാൾവന്നു. ഞാൻ നിങ്ങളുടെ ഫ്ളൈർ കണ്ടുവെന്നും എന്റെ വീടിനു അടുത്തുതന്നെ നിങ്ങളുടെ നമസ്കാര സെന്റർ ഉണ്ടന്ന് എനിക്കറിയില്ലായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. എന്തായാലും അദ്ദേഹം ജുമുഅയ്ക്ക് മസ്ജിദിലെത്തി. അദ്ദേഹം പറഞ്ഞു: ഞാൻ രണ്ടുവർഷമായി മുസ്‌ലിമാണ്. പക്ഷേ, എനിക്ക് വിശുദ്ധ ഖുർആൻ ഓതാനറിയില്ല. നമസ്കാരം പഠിക്കാനും അവസരം കിട്ടിയിട്ടില്ല. അതുകൊണ്ട് എനിക്ക് പാഠങ്ങൾ പഠിപ്പിച്ചുതരണം. താങ്കൾ വരികയെന്ന് അദ്ദേഹം പറഞ്ഞു. പക്ഷേ, അല്പം ജാഗ്രത പാലിച്ചുകൊണ്ടിരുന്നു. കാരണം അവിടെ ചിലയാളുകൾ തെറ്റായിരീതിയിൽ പ്രവർത്തിക്കുന്നവരാണ്. അവർ യാചിക്കുന്നതിനുവേണ്ടി മാത്രം വരുന്നവരാണ്. എന്തായാലും അദ്ദേഹം പറയുന്നു:ഞാൻ അദ്ദേഹത്തോടു വന്നുകൊള്ളാൻ പറഞ്ഞു. ഇനി യഥാർഥത്തിൽ ദീൻ പഠിക്കാൻതന്നെയാണ് വരുന്നതെങ്കിൽ അറിയാനും കഴിയുമല്ലോ? അദ്ദേഹം കൃത്യമായി വരികയും വിശുദ്ധ ഖുർആൻ പഠിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ഒരു നീണ്ടകാലം പഠിച്ചെങ്കിലും അദ്ദേഹം ഒരു സഹായഭ്യർഥനയും നടത്തിയില്ല. അപ്പോൾ അദ്ദേഹം ദീനീകാര്യങ്ങളിൽമാന്യനാണെന്ന് എനിക്കു മനസ്സിലായി. അദ്ദേഹത്തിന് ജമാഅത്തിനെ പരിചയപ്പെടുത്തിക്കൊടുക്കുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഫോട്ടോ കാണിക്കുകയും ചെയ്തു. അങ്ങനെ അദ്ദേഹം ബയ്അത്തു ചെയ്തു. അദ്ദേഹത്തിന് ഒരു മുസ്‌ലിം പേരുമിട്ടു. പിന്നീട് കുറച്ചുകാലത്തിനുശേഷം തനിക്ക് ജമാഅത്തിന്റെ മുഅല്ലിമാകണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചു. അവിടെയുള്ള ജമാഅത്ത് എന്നോടു ചോദിച്ചപ്പോൾ ഞാനവരോടു സമ്മതം അറിയിച്ചു. അദ്ദേഹത്തിന് ഇക്കാര്യത്തിൽ ആത്മാർഥതയുണ്ടെങ്കിൽ മുഅല്ലിമാക്കിക്കൊള്ളുക. ശിക്ഷണവും നല്കുക. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ശിക്ഷണം കിട്ടിയിരിക്കുന്നു. പൂർണമായും നമസ്കരിക്കുകയും ജുമുഅ നമസ്കരിപ്പിക്കുകയും ചെയ്യുന്നു. തഫ്സീർ പഠിച്ച് വിശുദ്ധ ഖുർആനിന്റെ ദറസ് നല്കുകയും ചെയ്തു വരുന്നു. അദ്ദേഹത്തിന്റെ ബയ്അത്തിനെ കുറിച്ച് കാലത്തിനുശേഷം നമസ്കാര സെന്ററിൽ ഒരു പ്രദർശനം നടത്തിയിരുന്നു. അതിൽ അദ്ദേഹത്തിന്റെ മാതാപിതാക്കളും പങ്കെടുത്തിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ഇസ്‌ലാമിന്റെ കഠിനശത്രുവായിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ ഉമ്മ പറഞ്ഞു: എനിക്ക് ഒരു കാലത്ത് ഇസ്‌ലാമിനോടു വലിയ താൽപര്യമുണ്ടായിരുന്നു. പ്രത്യേകിച്ചും സ്ത്രീകൾ ഹിജാബ് ധരിക്കുന്നത് എനിക്ക് നന്നായി തോന്നിയിരുന്നു. അതുകാരണമാണ് അദ്ദേഹത്തിന്റെ മാതാവിന് ഇസ്‌ലാമിനോടു താൽപര്യമുണ്ടായത്. ഏതായിരുന്നാലും അദ്ദേഹത്തോടു മാതാപിതാക്കൾക്ക് തബ്‌ലീഗ് ചെയ്യാനും അവരേയും ജമാഅത്തിൽ ചേർക്കാനും അവരേയും ഇസ്‌ലിമിക കാര്യങ്ങൾ പഠിപ്പിക്കാനും പറഞ്ഞു.

അദ്ദേഹം പറഞ്ഞു, അവർ മതകാര്യത്തിൽ വളരെ കടുപ്പമുള്ളവരാണ്. എന്റെ മാതാവ് ചർച്ചിൽ പോകുന്ന സ്ത്രീയാണ്. ജ്ഞാനസ്നാനവും ചെയ്തിട്ടുണ്ട്. പറയുന്നു, ഞങ്ങൾ ദുആ ചെയ്തുകൊണ്ടിരുന്നു. നിന്റെ മാതാവിനുവേണ്ടി അല്ലാഹു അവരുടെ മനസ്സ് ഇസ്‌ലാമിലേക്ക് തിരിക്കാൻ ദുആ ചെയ്യുക എന്ന് അവനോടും പറഞ്ഞു. ഒരു ദിവസം അവർ സ്വയമേവ മകനോടു ചില ചോദ്യങ്ങൾ ചോദിക്കുകയും ജുമുഅ നമസ്കാരത്തിന് വരാൻ തുടങ്ങുകയും ചെയ്തു. പിന്നീട് ഒരു ദിവസം പെട്ടെന്ന് താൻ ബയ്അത്ത് ചെയ്യാനാഗ്രഹിക്കുന്നുവെന്ന് പറയുകയും അങ്ങനെ ജമാഅത്തിൽ ചേരുകയും ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവർ ജമാഅത്തിൽച്ചേരുകയും ജുമുഅയ്ക്ക് പതിവായി വരുകയും നമസ്കരിക്കുകയും ചെയ്യുന്നു. മാത്രമല്ല ജമാഅത്തിൽ പ്രവേശിച്ചശേഷം അവരുടെ ആരോഗ്യത്തിലും സ്വഭാവത്തിലും ഒരുപാട് അനുഗ്രഹമുണ്ടായി. ഇതൊന്നും തങ്ങൾക്ക് ക്രിസ്തുമതത്തിൽ കിട്ടിയിട്ടില്ലെന്ന് സമ്മതിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മാതാവ് പതിവായി എം.ടി.എ ചാനൽ കാണുന്നുണ്ട്.

ഏതായിരുന്നാലും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള അല്ലാഹുവിന്റെ വാഗ്ദാനം പുലർന്നതുമായി ബന്ധപ്പെട്ട ചില സംഭവങ്ങളാണ് ഞാൻ കേൾപ്പിച്ചത്. ഇത്തരത്തിലുള്ള നിരവധി സംഭവങ്ങളുണ്ട്.ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ എതിരാളികൾ ജമാഅത്തിനെ തകർക്കാൻ ഒരുപാട് ശ്രമിക്കുന്നുവെങ്കിലും മറുഭാഗത്ത് അല്ലാഹു ലോകത്തുള്ള സകല രാജ്യങ്ങളിലും ജമാഅത്തിന്റെ പുരോഗതിക്കുള്ള മാർഗങ്ങൾ തുറന്നുകൊണ്ടിരിക്കുകയാണ്. അതിനാൽ അല്ലാഹുവിനോടു നന്ദി പ്രകടിപ്പിക്കുന്നതിനോടൊപ്പം നമ്മൾ നമ്മുടെ അവസ്ഥകളെക്കുറിച്ച് ആത്മപരിശോധന നടത്തുകയും വേണം. നമ്മുടെ ഈമാൻ ശക്തിപ്പെടുത്തുന്നതിനും ശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്. സ്വന്തം കർമപരമായ അവസ്ഥകളെ മെച്ചപ്പെടുത്തേണ്ടതാണ്. നമ്മുടെ തലമുറകളിലും ഇക്കാര്യം വേരുറപ്പിക്കേണ്ടതാണ്. പരീക്ഷണങ്ങൾ എന്തായാലും വരുന്നു. പക്ഷേ, അവസാന വിജയം അല്ലാഹു സ്ഥാപിച്ച ജമാഅത്തിനായിരിക്കും. അതുകൊണ്ട് ഒരിക്കലും തങ്ങളുടെ വിശ്വാസങ്ങളെ ഇളകാൻ അനുവദിക്കരുത്. അല്ലാഹു പുതിയതായി വരുന്നവർക്കും പഴയാളുകൾക്കും ഉറച്ചുനിൽക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഈമാനിലും യഖീനിലും അഭിവൃദ്ധി നല്കുമാറാകട്ടെ. ഇനി ഞാൻ ചില പരേതാത്മാക്കളെ അനുസ്മരിക്കുകയാണ്. അവരുടെ ജനാസ ഗാഇബും നമസ്കരിപ്പിക്കുന്നതായിരിക്കും.

ആദ്യത്തെ അനുസ്മരണം പർവീൻ അഖ്തർ സാഹിബയെ കുറിച്ചാണ്. ഇവർ സിയാൽക്കോട്ടിലെ പരേതനായ ഗുലാം ഖാദിർ സാഹിബിന്റെ ഭാര്യയായിരുന്നു. കഴിഞ്ഞ ദിവസം 90-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിയൂൻ. അവർക്ക് മൂന്നു ആൺമക്കളും നാലു പെൺമക്കളുമാണ്. ഒരു മകൻ ആരിഫ് മഹ്മൂദ് സാഹിബ് ബെനിനിൽ മുബല്ലിഗാണ്. ഫീൽഡിലായതുകൊണ്ട് അദ്ദേഹത്തിന് മാതാവിന്റെ ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. അദ്ദേഹം പറയുന്നു: അദ്ദേഹത്തിന്റെ മാതാവ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായ ഹദ്റത്ത് ചൗദരി ഇമാം ദീൻ സാഹിബ് ചൗഹാനിന്റെ പൗത്രിയും മുഅല്ലിം ഗുലാം അഹ്മദ് സാഹിബിന്റെ മകളുമായിരുന്നു. ഖാദി

### ത്വാലിബെ ദുആ

നബി(സ)തിരുമേനിയോടുള്ള സ്നേഹം വർദ്ധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്ക്കാരത്തിലും സ്വലാത്തു ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ(മൽഫൂദാത്ത് വാല്യം.3. പേ.38)



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


### • അമീറുൽ മുഅ്മിനീന്റെ ഉപദേശം: •

'അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.'(ജുമുഅ ഖുത്ബ 4-10-2019)

ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

യാനിലാണ് ജനിച്ചത്. പ്രാഥമിക വിദ്യഭ്യാസം ഖാദിയാനിൽനിന്നുതന്നെ കരസ്ഥമാക്കി. തന്റെ കുട്ടിക്കാലത്ത് അധികസമയവും ഖാദിയാനിൽ ഹദ്റത്ത് അമ്മാജാൻ(റ)നെ സേവിക്കുന്നതിലാണ് കഴിഞ്ഞതെന്ന്  എന്റെ മാതാവ് പറയുമായിരുന്നു. ഇങ്ങനെ ഹദ്റത്ത് അമ്മാജാൻ(റ)നാണ് അവർക്ക് തർബിയ്യത്ത് നല്കിയത്. ദീനീപരമായ അറിവും ഖുർആൻ പാരായണവും അമ്മാജാനിൽനിന്നാണ് പഠിച്ചത്. അധികസമയവും ഹദ്റത്ത് അമ്മാജാനെ സേവിക്കുന്നതിൽ കഴിച്ചുകൂട്ടി. പറയുന്നു: ഉറങ്ങുന്നതിനുമുമ്പേ അമ്മാജാൻ തന്റെ അനുഭവങ്ങളും കേൾപ്പിക്കുമായിരുന്നു. ചില സമയത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)രാത്രിനേരത്ത് അമ്മാജാനെ കാണാൻ വരാറുണ്ടായിരുന്നു. എന്റെ ജോലി കണ്ടിട്ട് അവിടന്ന് നിങ്ങളുടെ നല്ല സുഹൃത്തിനുവേണ്ടിയും ദുആ ചെയ്യണമെന്നു പറയുമായിരുന്നു. എന്റെ മാതാവിന്റെ വിവാഹം കഴിഞ്ഞപ്പോൾ 1950-ൽ അവസ്ഥകൾ വളരെ മോശമായി. ഗ്രാമത്തിലുള്ള പലരും വിശ്വാസദൗർബല്യം കാണിച്ചു. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർ ദീനിൽ ഉറച്ചുനിൽക്കുകയും തന്റെ ഭർത്താവിന് ശക്തി പകരുകയും ചെയ്തു. അതിനുശേഷം അദ്ദേഹം ഒരു മൗലവി സാഹിബിൽനിന്ന് വിശുദ്ധ ഖുർആൻ പഠിക്കാൻ തുടങ്ങി. നമസ്കാരവും സൂറത്തുകളും മനഃപ്പാഠമാക്കാനും തുടങ്ങി. ഇങ്ങനെ തന്റെ തട്ടകത്തിൽ ഒരു ചെറിയ മസ്ജിദുണ്ടാക്കി അവിടെ അദ്ദേഹം ജമാഅത്തുപരമായ നിലയിൽ തന്റെ ഒരു കേന്ദ്രം സ്ഥാപിച്ചു.

അവരുടെ മൂത്തമകൻ ഖാലിദ് മഹ്മൂദാണ്. ഇദ്ദേഹം സൈന്യത്തിലായിരുന്നു. ഇദ്ദേഹം പറയുന്നു, ഞങ്ങളുടെ മാതാവ് ദീനിനെ ദുൻയാവിനെക്കാളും മുന്തിച്ചിരുന്നു. ദീനിൽ ഉറച്ചുനിൽക്കുകയാണെങ്കിൽ ഭൗതിക കാര്യങ്ങളും സ്വയമേവ നന്നായിക്കൊള്ളുമെന്നായിരുന്നു ഞങ്ങളോടു പറയാറുണ്ടായിരുന്നത്. ചെറുപ്രായത്തിൽത്തന്നെ ഞങ്ങൾക്ക് നമസ്കാരശീലമുണ്ടാക്കി. സ്വുബ്ഹി നമസ്കാരത്തിനും മസ്ജിദ് കുറെ ദൂരെയായതിനാൽ ഞങ്ങളെ മസ്ജിദിൽ കൊണ്ടുപോയി വിടുമായിരുന്നു. മഹല്ലിലെ അനഹ്മദിസ്ത്രീകൾക്കും അവർ വിശുദ്ധ ഖുർആൻ പഠിപ്പിച്ചിരുന്നു. ഇപ്പോൾ അവിടെ ഖുർആൻ പഠിപ്പിക്കാൻ സാധ്യമല്ല. പക്ഷേ, മുമ്പേ എത്രമാന്യമായുള്ള പെരുമാറ്റമായിരുന്നെന്നാൽ അഹ്മദികളിൽനിന്ന് വിശുദ്ധ ഖുർആൻ പഠിച്ചിരുന്ന ധാരാളം അനഹ്മദികളുണ്ടായിരുന്നു.

വീണ്ടും അവരുടെ മകനോ മകളോ എഴുതുന്നു:പൊതുവെ ഗ്രാമങ്ങളിൽ കുട്ടികൾക്ക് വിദ്യഭ്യാസം നല്കുന്ന സമ്പ്രദായമില്ലായിരുന്നു. മകൾ വലുതായപ്പോൾ മാതാവ് അവളെ സ്കൂളിൽ ചേർക്കാനുള്ള ഒരുക്കത്തിലായിരുന്നു. അപ്പോൾ പിതാമഹൻ എതിർത്തു. അവർ വളരെ മര്യാദയോടുകൂടി നിരന്തര പരിശ്രമംകൊണ്ട് വിദ്യാഭ്യാസം നല്കണമെന്ന അഭിപ്രായം അദ്ദേഹത്തെ കൊണ്ടു സമ്മതിപ്പിച്ചു. കുറഞ്ഞപക്ഷം ജമാഅത്തിന്റെ സാഹിത്യങ്ങളെങ്കിലും വായിക്കാനും മക്കൾക്ക് തർബിയ്യത്ത് കൊടുക്കാനുംവേണ്ടി.

റശീദ് അഹ്മദ് സാഹിബ് മാൻഗ എന്ന സ്ഥലത്തെ തഹ്സീൽദാർ ആയിരുന്നു. അദ്ദേഹം പറയുന്നു: ഞങ്ങളുടെ തട്ടകം ഇവരുടെ തട്ടകത്തിന് അടുത്തായിരുന്നു. ഞങ്ങളും അവരെ കണ്ട് അഹ്മദിയായെങ്കിലും നമസ്കാരത്തിൽ ശ്രദ്ധ ഉണ്ടായിരുന്നില്ല. അവർ ഞങ്ങളുടെ തട്ടകത്തിൽ വരുമ്പോൾ നമസ്കരിക്കാൻ ഉപദേശിക്കുമായിരുന്നു. മസ്ജിദ് ദൂരെയാണെന്ന് ഒഴികഴിവ് ഞങ്ങൾ പറയുമ്പോൾ അവർ മൗനം പാലിക്കും. പറയുന്നു: പിന്നീട് ഞങ്ങൾ കാണുന്നത് അവർ പാടത്തുനിന്ന് തലചുമടായി മണ്ണുകൊണ്ടുവരുന്നതാണ്. ഈ പ്രവൃത്തി ഒരാഴ്ചയോളം തുടർന്നു. പിന്നീട് ആ മണ്ണുകൊണ്ട് ഞങ്ങളുടെ തട്ടകത്തിന് പടിഞ്ഞാറുഭാഗത്ത് 2 അടി ഉയരത്തിൽ 4 ചുവരുകളുണ്ടാക്കി. പിന്നീട് ആ സ്ഥലം കൈകൊണ്ടു മെഴുകി മിനുസപ്പെടുത്തുകയും വീട്ടിൽനിന്ന് അവിടെ കാർപറ്റു കൊണ്ടുവന്ന് വിരിക്കുകയും ചെയ്തു. എന്നിട്ട് പറഞ്ഞു, മസ്ജിദില്ല, മസ്ജിദ് ദൂരെയാണ് എന്നൊക്കെയാണ് നിങ്ങൾ പറയുന്നത്. ഞാനിവിടെ നിങ്ങളുടെ തട്ടകത്തിൽ മസ്ജിദുണ്ടാക്കിയിരിക്കുന്നു. ഇവിടെ വന്ന് ജമാഅത്തായി നമസ്കരിക്കുക. ഇനി നമസ്കാരത്തിൽ അലസത കാണിക്കരുത്. അദ്ദേഹം പറയുന്നു: വാസ്തവത്തിൽ അവർ ഞങ്ങളെ നമസ്കാരക്കാരാക്കിമാറ്റി. ഇതായിരുന്നു മഹത്തുക്കളുടെ ഉദാത്തമായ മാതൃക. എന്തെങ്കിലും ഒഴികഴിവ് പറയുകയാണെങ്കിൽ സ്വയം കർമപരമായി മാതൃകകാണിച്ച് മറ്റുള്ളവരെ അതിന് നിർബന്ധിക്കുകയാണ് ചെയ്തത്.

അവരുടെ മകളെഴുതുന്നു: അവർ ക്ഷമയുടേയും പ്രസന്നതുയുടേയും ആൾരൂപമായിരുന്നു. ഞങ്ങളെയും അക്കാര്യത്തിൽ ഉപദേശിച്ചിരുന്നു. ഒരിക്കലും ക്ഷമയുടെ കോന്തല കൈവിട്ടു കളയരുതെന്നും ഭർതൃവീട്ടിലെന്താണോ കിട്ടുന്നത് അതിൽ തൃപ്തിപ്പെടണമെന്നും അല്ലാഹുവിന്റെ തൃപ്തിയിൽ എപ്പോഴും തൃപ്തരായിരിക്കണമെന്നും നമസ്കാരങ്ങൾ കൃത്യമായി അനുഷ്ഠിക്കണമെന്നും മക്കളെ അക്കാര്യത്തിൽ ഉപദേശിക്കണമെന്നും അങ്ങനെയായാൽ അല്ലാഹു ഉപജീവനത്തിൽ അനുഗ്രഹം ചൊരിയുമെന്നുമുള്ള ഹദ്റത്ത് അമ്മാജാന്റെ ഉപദേശം എപ്പോഴും ഓർക്കണമെന്നും പറയുമായിരുന്നു.

അവരുടെ മകൻ മുറബ്ബിസാഹിബ് പറയുന്നു:എനിക്ക് ജാമിയായിൽ അഡ്മിഷൻ കിട്ടിയപ്പോൾ എന്നോടു പറഞ്ഞു:മകനേ! പഠനത്തിൽ വലിയ സ്ഥാനം കിട്ടിയില്ലെങ്കിലും പ്രശ്നമൊന്നുമില്ല. പക്ഷേ,കാലത്തിന്റെ ഇമാമിനെ അനുസരിക്കുന്നതിൽ എപ്പോഴും ഉന്നതസ്ഥാനം കരസ്ഥമാക്കാൻ ശ്രമിക്കണം. അല്ലാഹു പരേതയ്ക്ക് മഗ്ഫിറത്തു നല്കുകയും കരുണ ചെയ്യുകയും പദവികൾ ഉയർത്തുകയും ചെയ്യുമാറാകട്ടെ.  മക്കൾക്കുവേണ്ടി അവർ ചെയ്തിട്ടുള്ള ദുആകൾ അല്ലാഹു സ്വീകരിക്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ മുംതാസ് വസീം സാഹിബയുടേതാണ്. ഇവർ പരേതനായ ചൗദ്രരീ വസീം അഹ്മദ് നാസ്വിർ സാഹിബ് ഘട്ടിയാലിയായുടെ ഭാര്യയായിരുന്നു. കഴിഞ്ഞ ദിവസം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിയൂൻ അവരുടെ മകൻ സാംബിയ(ദമായശമ)യായിൽ മുബല്ലിഗാണ്. പരേത ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സുപ്രസിദ്ധ സ്വാഹാബി ഹദ്റത്ത് മിയാൻ ചിരാഗ്ദീൻ സാഹിബ്(റ)ന്റെ -റഈസ്  ലാഹോർ)-കുടുംബത്തിൽപ്പെട്ടവരായിരുന്നു. ഇവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹ്ദറത്ത് മിയാൻ അബ്ദുർറശീദ് സാഹിബ്(റ)ന്റെ ദൗഹിത്രിയും മർഹമെ ഈസായുടെ പേരിൽ പ്രസിദ്ധനായ ഹദ്റത്ത് ഹക്കീം മുഹമ്മദു ഹുസയ്ൻ സാഹിബ്(റ)ന്റെ പ്രപൗത്രിയുമാ ണ്. വളരെ നല്ല സ്വഭാവത്തിന്റെ ഉടമയും മൃതുഭാഷിയും എല്ലാവർക്കും പ്രിയപ്പെട്ടവരും വാത്സല്യനിധിയുമായിരുന്നു. എല്ലാവരും അവരുടെ സൽഗുണങ്ങളെ പ്രകീർത്തിക്കുന്നവരാണ്. ഖിലാഫത്തിനേയും ജമാഅത്ത് സംവിധാനത്തേയും ഏറെ ആദരിച്ചിരുന്നു. ദുആയ്ക്കുവേണ്ടി എനിക്കെപ്പോഴും കത്തയച്ചിരുന്നു. മറ്റുള്ളവരെ കത്തെഴുതാൻ പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. നമസ്കാരങ്ങൾ കൃത്യമായി അനുഷ്ഠിക്കുകയും വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയും പതിവായിരുന്നു. അവസാനംവരെ ചന്ദകൾ നല്കുന്നതിൽ കൃത്യനിഷ്ഠ പാലിച്ചിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബി.എ.ഡിഗ്രി കരസ്ഥമാക്കിയിരുന്നു. പറയുന്നു:എന്റെ പിതാവ് ജോലിയിൽനിന്ന് വിരമിച്ചശേഷം ഗ്രാമത്തിൽ താമസം മാറ്റിയപ്പോൾ മാതാവ് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കൃത്യമായി വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നതിനോടൊപ്പം ഭൗതിക വിദ്യഭ്യാസവും നല്കിയിരുന്നു. ഒരു നീണ്ടകാലം രോഗിയായിരുന്നു. പക്ഷേ,വളരെ ക്ഷമയോടെ അക്കാലം കഴിച്ചു. ഒരു പരാതിയും പറഞ്ഞിരുന്നില്ല. മുറബ്ബി സാഹിബ് പറയുന്നു:എന്തെങ്കിലും തെറ്റു സംഭവിച്ചാൽ മാപ്പു ചോദിക്കുമായിരുന്നു. അവരുടെ രണ്ടുമക്കൾ വഖ്ഫാണെന്ന കാര്യത്തിൽ വലിയ സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. ഇദ്ദേഹത്തിന്റെ പിതാവ് രണ്ടു വിവാഹം കഴിച്ചിരുന്നു. ആദ്യത്തെ മാതാവിന്റെ വഫാത്തിനുശേഷം ഞങ്ങളേയും മറ്റു സഹോദരങ്ങളേയും സ്വന്തം മക്കളെപ്പോലെതന്നെയാണ് നോക്കിയത്. ഉമ്മയില്ലാത്ത കുറവ് ഒരിക്കലും അനുഭവിക്കേണ്ടി വന്നിട്ടില്ല.ഞാൻ സാംബിയ(ദമായശമ)ായിൽ പോകുമ്പോൾ ഒരുപാട് ദുആകൾ തന്നുകൊണ്ടാണ് യാത്രയാക്കിയത്. കുറച്ചുകാലം മുമ്പേ അവരെ കാണാൻ പോയിരുന്നു. തിരിച്ചുവരുമ്പോൾ പറഞ്ഞു:അല്ലാഹു നിന്റെ സംരക്ഷകനായിരിക്കട്ടെ. ഒരുപക്ഷേ, ഇനി ഒരിക്കൽകൂടി കൂടിക്കാഴ്ച നടന്നുകൊള്ളണമെന്നില്ല. അഞ്ച് ആൺമക്കളും രണ്ടു പെൺമക്കളുമുണ്ട്. രണ്ടുപേർ വഖ്ഫെ നൗ ആണ്. നസ്വിർ സാഹിബ് വഖ്ഫെ ജദീദ് മുഅല്ലിമാണ്. മറ്റൊരാൾ സാംബിയായിൽ മുബല്ലിഗാകുന്നു. വിദേശത്ത് ഫീൽഡിലായതിനാൽ അദ്ദേഹത്തിന് ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. അല്ലാഹു പരേതയോടു പൊറുക്കലോടും കാരുണ്യത്തോടും പെരുമാറട്ടെ. അവരുടെ ദുആകൾ അവരുടെ മക്കൾക്കുവേണ്ടി സ്വീകരിക്കുമാറാകട്ടെ.

മൂന്നാമത്തെ അനുസ്മരണം ബ്രിഗേഡി

(ശേഷം പേജ് 12ൽ)

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപിച്ചിട്ടുളളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.(ബ്രിട്ടൺ, കനഡ, ജർമനി ജാമിആകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**'ഏത് കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ് (അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക. (സന്ദേശം ജൽസാ സലാന ഡന്മാർക്ക് 2019)**


ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPPIRIYAM


ത്വാലിബെ ദുആ:
ANWAR SADAT & FAMILY
JAMA-ATH AHMADIYYA, PATHAPPIRIYAM

## ഖുത്ബ ജുമുഅ

"നിങ്ങളിൽ രണ്ടാം ഖുദ്റത്ത് വെളിപ്പെടുന്നത് നിങ്ങൾ കാണേണ്ടത് ആവശ്യമാകുന്നു. അതു വരുന്നത് നിങ്ങൾക്ക് കൂടുതൽ ഉത്തമമായിരിക്കും. കാരണം അത് എന്നെന്നും നിലനില്ക്കുന്നതാണ്.അതിന്റെ പരമ്പര ഖിയാമത്തുന്നാൾവരെ മുറിഞ്ഞുപോകുന്നതല്ല."
(ഹദ്റത്ത് മസീഹ് മൗഊദ്അ)

"ഞാൻ അല്ലാഹുവിൽനിന്നുള്ള ഒരു ശക്തിപ്രഭാവത്തിന്റെ രൂപത്തിൽ വെളിപ്പെട്ടിരിക്കുന്നു. ഞാൻ അല്ലാഹുവിന്റെ ഒരു ശരീരധാരിയായ ഖുദ്റത്താകുന്നു. എനിക്കുശേഷം ചില മറ്റു വ്യക്തികളുമുണ്ടാകും. അവർ രണ്ടാമത്തെ ഖുദ്റത്തിന്റെ-ദിവ്യശക്തിയുടെ പ്രതീകങ്ങളായിരിക്കും." (ഹദ്റത്ത് മസീഹ് മൗഊദ്അ)

അല്ലാഹുവിന്റെ കർമപരമായ സാക്ഷ്യം നിങ്ങളോടൊപ്പമാണെന്ന് പറയാൻ എതിരാളികളും ഇപ്പോൾ നിർബന്ധിതരാണ്.

**ഇസ്‌ലാമിക ഖിലാഫത്തിനെ പിന്തുണയ്ക്കുന്ന ഛായാപരമായ ചില വിശ്വാസവർധക സംഭവങ്ങളുടെ ചർച്ച.**

**ഖുത്‌ബ ജുമുഅ 2023 മെയ് 26/1402 ഹിജ്റത്ത് 26**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ് യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിൽ അസീസ്

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അദ്ദേഹത്തിന്റെ ഈ ദുൻയാവിൽനിന്നുള്ള അവധിയുടെ സമയം അടുത്തിരിക്കുന്നുവെന്ന് അറിയിച്ചപ്പോൾ അവിടന്ന് ജമാഅത്തിനെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു: "രണ്ടുവിധത്തിലുള്ള ദിവ്യശക്തികൾ (ഖുദ്റത്തുകൾ)അല്ലാഹു വെളിപ്പെടുത്തുന്നു. ഒന്നാമതായി, നബിമാരുടെ കൈകൾകൊണ്ടുതന്നെ തന്റെ ദിവ്യശക്തിയുടെ ഹസ്തം കാണിക്കുന്നു. രണ്ടാമരനബിയുടെ മരണശേഷം വിഷമങ്ങൾ നേരിടേണ്ടിവരുകയും ശത്രു വളരെ ശക്തിപ്രാപിക്കുകയും നബിയുടെ ദൗത്യം ആകെ കുഴപ്പത്തിലായെന്നും ഈ ജമാഅത്ത് ഇപ്പോൾ നശിക്കാൻ പോകുകയാണെന്ന് ഉറപ്പിച്ചുകൊണ്ട് അതിലെ അംഗങ്ങൾതന്നെ അതിന്റെ ഭാവിയെ കുറിച്ച് സംശയാലുക്കളാകുകയും നിരാശപ്പെട്ടു തുടങ്ങുകയും അവരുടെ നടുവ് ഒടിഞ്ഞ നിലയിൽ നിർഭാഗ്യരായിട്ടുള്ള നിരവധിപേർ മതനിരാസത്തിലേക്കുള്ള വഴിയിൽ നീങ്ങുകയും ചെയ്യുമ്പോൾ സർവശക്തനായ അല്ലാഹു രണ്ടാം തവണ തന്റെ പ്രബലമായ ദിവ്യശക്തി വെളിപ്പെടുത്തുകയും തകർച്ചയിലേക്കെത്തിയ ജമാഅത്തിനെ താങ്ങിയെടുത്ത് രക്ഷിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ അന്ത്യംവരെ സഹനം കൈക്കൊള്ളുന്നവർക്ക് അല്ലാഹുവിന്റെ ഈ അത്ഭുതദൃഷ്ടാന്തം കാണാൻ കഴിയുന്നു;ഹദ്റത്ത് അബൂബക്ർ സിദ്ദീഖ് (റ)ന്റെ കാലത്ത് സംഭവിച്ചതുപോലെ. നബി(സ)തിരുമേനിയുടെ മരണം ഒരു അകാലമരണമായി കരുതപ്പെടുകയും വിവേകശൂന്യരായ നിരവധി ബദ്‌വികൾ മുർത്തദ്ദുകളായിപ്പോകുകയും സ്വഹാബിമാരും ദുഃഖഭാരത്താൽ ഭ്രാന്ത് പിടിച്ചവരെപ്പോലെയായിത്തീരുകയും ചെയ്തപ്പോൾ അല്ലാഹു ഹദ്റത്ത് അബൂബക്ർ സിദ്ദീഖിനെ എഴുന്നേല്പിച്ചുകൊണ്ട് രണ്ടാമത് തന്റെ ദിവ്യശക്തിയുടെ ഹസ്തം നീട്ടി കാണിക്കുകയും ഇസ്‌ലാമിനെ നാശത്തിൽനിന്ന് രക്ഷിക്കുകയും ചെയ്തു. അങ്ങനെ വലയുമക്കിനന്നലഹും ദീനഹമുല്ലദിർത്തളാലഹും വലയുബദ്ദിലന്നഹും മിൻബഅ്ദി ഖൗഫിഹിം അംനാ (24:56) (അവർക്കായി അവൻ തൃപ്തിപ്പെട്ട മതം അവൻ അവർക്ക് ശക്തിപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയപ്പാടിനുശേഷം അവർക്ക് സമാധാനവും രക്ഷയും പ്രദാനം ചെയ്യുകയും ചെയ്യും)എന്നു പറഞ്ഞ അവന്റെ വാഗ്ദത്തം നിറവേറ്റുകയുണ്ടായി. ഇപ്രകാരം തന്നെ ഹദ്റത്ത് മൂസാ(അ)യുടെ കാലത്തും സംഭവിച്ചു. ബനീ ഇസ്റാഈലിനെ വാഗ്ദാനമനുസരിച്ചുള്ള ലക്ഷ്യസ്ഥാനത്ത് എത്തിക്കുന്നതിനുമുമ്പേ ഹദ്റത്ത് മൂസാ(അ)മിസ്റിനും(ഈജിപ്റ്റ്)കൻആനും (ഫലസ്തീൻ)ഇടയ്ക്കുള്ള വഴിയിൽവച്ച് ചരമം പ്രാപിച്ചു. അദ്ദേഹത്തിന്റെ വേർപാട് ബനീഇസ്റാഈൽക്കാരിൽ വലിയ അലമുറ കൾ സൃഷ്ടിച്ചു. ഈ അകാല ചരമം, ഹദ്റത്ത് മൂസാ(അ)യുടെ അപ്രതീക്ഷിതമായ ഈ വേർപാട് കാരണം ബനീഇസ്ഈൽ 40 ദിവസം കരഞ്ഞുകൊണ്ടിരുന്നതായി തൗറാത്തിലെഴുതിയിരിക്കുന്നു."........അദ്ദേഹം പറഞ്ഞു:"ശത്രുക്കളുടെ രണ്ടുതരം ആഹ്ലാദാഭാസങ്ങളെ തകർത്തു കാണിക്കുന്നതിനുവേണ്ടി അല്ലാഹു രണ്ടുതരം ദിവ്യശക്തി പ്രതിഭാസം കാണിക്കുന്നു എന്നത് അവന്റെ പണ്ടുപണ്ടേയുള്ള സുന്നത്താണ്. അല്ലാഹു തന്റെ പണ്ടുപണ്ടേയുള്ള സുന്നത്തിനെ ഇപ്പോൾ ഉപേക്ഷിച്ചു കളയുക സംഭാവ്യമല്ല. അതുകൊണ്ട് ഞാനിപ്പോൾ വിവരിച്ചു പറഞ്ഞ കാര്യങ്ങളിൽ നിങ്ങൾ ദുഃഖിതരാവരുത്. നിങ്ങൾ അസ്വസ്ഥരാകുകയും അരുത്. എന്തുകൊണ്ടെന്നാൽ, നിങ്ങളിൽ രണ്ടാം ഖുദ്റത്ത് വെളിപ്പെടുന്നത് നിങ്ങൾ കാണേണ്ടത് ആവശ്യമാകുന്നു. അതു വരുന്നത് നിങ്ങൾക്ക് കൂടുതൽ ഉത്തമമായിരിക്കും. കാരണം അത് എന്നെന്നും നിലനില്ക്കുന്നതാണ്. അതിന്റെ പരമ്പര ഖിയാമത്തുന്നാൾവരെ മുറിഞ്ഞുപോകുന്നതല്ല. ഞാൻ പോകാത്തിടത്തോളം രണ്ടാം ഖുദ്റത്ത് വരുന്നതല്ല. ഞാൻ പൊയ്ക്കഴിഞ്ഞാൽ അല്ലാഹു രണ്ടാം ഖുദ്റത്തിനെ നിങ്ങളിലേക്ക് അയക്കും. ആ രണ്ടാം ഖുദ്റത്ത് അല്ലാഹു ബറാഹീനെ അഹ്മദിയ്യായിൽ വാഗ്ദത്തം ചെയ്തതുപ്രകാരം എന്നെന്നും നിങ്ങളിലുണ്ടായിരിക്കും. ആ വാഗ്ദത്തം എന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ടതല്ല. അത് നിങ്ങളെ സംബന്ധിച്ചുള്ള വാഗ്ദത്തമാണ്. അല്ലാഹു പറയുന്നു:'നിന്നെ പിൻപറ്റിയ ജമാഅത്തിന് ഖിയാമത്തുന്നാൾവരെ മറ്റുള്ളവരുടെമേൽ ഞാൻ വിജയം നല്കും.' അതുകൊണ്ട് ശാശ്വതമായ വാഗ്ദത്തത്തിന്റെ നാളുകൾ വരാൻവേണ്ടി ഞാൻനിങ്ങളിൽനിന്ന് വേർപ്പെട്ടുപോകുന്ന ദിവസം വരേണ്ടത് അനുപേക്ഷണീയമാകുന്നു. നമ്മുടെ അല്ലാഹു വാഗ്ദത്തങ്ങൾ പൂർത്തിയാക്കുന്നവനും കൂറു പുലർത്തുന്നവനും വിശ്വസ്തനുമായ അല്ലാഹുവാകുന്നു. അവൻ വാഗ്ദത്തം ചെയ്ത സകലതുംതന്നെ നിങ്ങൾക്കു കാണിച്ചുതരുന്നതാണ്. ഈ നാളുകൾ ലോകത്തിന്റെ അവസാനം നാളുകളാകുന്നു. അനേക വിപത്തുകളും ദുരന്തങ്ങളും ഇറങ്ങുന്ന നാളുകളാണ്. അല്ലാഹു അറിയിച്ചുതന്ന കാര്യങ്ങളെല്ലാം പൂർത്തിയാകുന്നതുവരെ ഈ ലോകം നിലനില്ക്കേണ്ടതുതന്നെയാകുന്നു. ഞാൻ അല്ലാഹുവിൽനിന്നുള്ള ഒരു ശക്തിപ്രഭാവത്തിന്റെ രൂപത്തിൽ വെളിപ്പെട്ടിരിക്കുന്നു. ഞാൻ അല്ലാഹുവിന്റെ ഒരു ശരീരധാരിയായ ഖുദ്റത്താകുന്നു. എനിക്കുശേഷം ചില മറ്റു വ്യക്തികളുമുണ്ടാകും. അവർ രണ്ടാമത്തെ ഖുദ്റത്തിന്റെ-ദിവ്യശക്തിയുടെ പ്രതീകങ്ങളായിരിക്കും...." അദ്ദേഹം പറഞ്ഞു:"അതുകൊണ്ട് നിങ്ങൾ അല്ലാഹുവിൽനിന്നുള്ള രണ്ടാം ഖുദ്റത്തിന്റെ പ്രതീക്ഷയിൽ ഒന്നു ചേർന്ന് പ്രാർഥിച്ചുകൊണ്ടിരിക്കുക. രണ്ടാം ഖുദ്റത്ത് ദൈവിക സവിധത്തിൽനിന്നിറങ്ങുന്നതിനും നിങ്ങളുടെ അല്ലാഹു അത്തരത്തിൽ സർവശക്തനായ അല്ലാഹു ആണെന്ന് നിങ്ങൾ കാണുമാറാകുന്നതിനും സ്വാലികളുടെ ജമാഅത്ത് ഓരോ രാജ്യത്തും സംഘടിച്ച് പ്രാർഥനയിൽ നിരതരാവേണ്ടതാണ്."(അൽവസിയ്യത്ത്, റൂഹാനീ ഖസാഇൻ വാല്യം 20, പേജ് 304-307)

ഹദ്റത്ത് മസീഹ് മൗഊദ്(അ)വഫാത്തായപ്പോൾ അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് ജമാഅത്തിനെ ഹദ്റത്ത് ഹക്കീം മൗലാനാ നൂറുദ്ദീൻ ഖലീഫത്തുൽമസീഹ് ഒന്നാമന്റെ കൈകളിൽ ഒരുമിച്ചുകൂട്ടി. ചിലയാളുകൾ അഞ്ചുമന്റെ കൈകളിലാണ് സംവിധാനം നിലനിൽക്കേണ്ടതെന്ന് ആഗ്രഹിച്ചിരുന്നു. എന്നാൽ, ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ(റ)കരുത്തുറ്റ

കൈകളാൽഈ ഫിത്ന ഇല്ലാതാക്കി.

ഹദ്റത്ത് ലീഫത്തുൽമസീഹ് അവ്വലിന്റെ വേർപാടിനെ തുടർന്ന് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ് മൂദ് അഹ് മദ് ഖലീഫത്തുൽമസീഹ് ഥാനീ(റ) ഖിലാഫത്ത് പദവിയിൽ അവരോധിതനായി. അദ്ദേഹം ഖലീഫയാകുന്നസമയത്തും ചിലയാളുകൾ തങ്ങൾ വിജ്ഞാനത്തിലും ബുദ്ധിയിലും വളരെ വലയിവരാണെന്ന് മനസ്സിലാക്കിയിരുന്നു. അവർ ഫിത്നയുണ്ടാക്കാൻ ശ്രമിച്ചു. അവർ ഖിലാഫത്ത് തിരഞ്ഞെടുപ്പ് പൂർണമായ നിലയിൽ അല്ലെങ്കിൽ ഏതാനും മാസത്തേക്കെങ്കിലും മാറ്റി വെക്കുന്നതിനു ശ്രമം ന ത്തി. അങ്ങനെ ജമാഅത്തിൽ ഭിന്നിപ്പുണ്ടാക്കാൻ അവസരമുണ്ടാക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. എന്നാൽ, അല്ലാഹു ഒരിക്കൽകൂടി തന്റെ വാഗ്ദാനമനുസരിച്ച് വിശ്വാസികളുടെ ജമാഅത്തിനെ ഒരു കൈയിൽ ഒരുമിച്ചുകൂട്ടി. ഖിലാഫത്തിന്റെ എതിരാളികളും കപടവിശ്വാസികളും അവിടേയും പരാജയപ്പെട്ടു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിന്റെ ഖിലാഫത്ത് 52 വർഷം നീണ്ടുനിന്നു. ലോകത്ത് മിഷൻഹൗസുകൾ തുറക്കപ്പെട്ടു. ജമാഅത്തിന്റെ സംവിധാന ചട്ടക്കൂട് സുഭദ്രമായി. ഇതെല്ലാം ആ ധന്യാത്മാവിന്റെ കാലഘട്ടത്തിലാണുണ്ടായത്.

പിന്നീട് ആ മഹാത്മാവിന്റെ വേർപാടിനുശേഷം 3-ാം ഖിലാഫത്തിന്റെ കാലഘട്ടം ആരംഭിച്ചു. ഹദ്റത്ത് മിർസാ നാസിർ അഹ്മദ് ഖലീഫത്തുൽമസീഹ് ഥാലിഥ് (റഹ്)ഖലീഫയായി. അല്ലാഹുവിന്റെ പിന്തുണയോടെയും സഹായത്തോടെയും ഖിലാഫത്തു പദവിയിൽ നിയോഗിക്കപ്പെട്ടു. പിന്നീട് ദൈവേച്ഛയാൽ അദ്ദേഹം വഫാത്തായപ്പോൾ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്)ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്)4-ാം ഖലീഫയായി ഖിലാഫത്തു സ്ഥാനത്ത് വന്നു. പിന്നീട് അദ്ദേഹത്തിന്റെ വഫാത്തിനു ശേഷം അല്ലാഹു എന്നെയാണ് ആ സ്ഥാനത്ത് ഉപവിഷ്ഠനാക്കിയത്. എന്റെ ദൗർബല്യങ്ങളും കുറവുകളും ഉണ്ടായിട്ടുകൂടി അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചെയ്ത വാഗ്ദാനമനുസരിച്ച് ജമാഅത്തിനെ പുരോഗതിയുടെ മാർഗങ്ങളിലേക്ക് നയിക്കുന്നു.

ഇക്കാലഘട്ടത്തിൽ ശത്രുക്കൾ ജമാഅത്തിൽ ഛിദ്രതയുണ്ടാക്കാനും അതിനെ നശിപ്പിക്കാനും ഭീതി പരത്താനും ഒരുപാട് പരിശ്രമിച്ചു. ലോകത്തിലെ വിവിധ രാജ്യങ്ങളിൽ അഹ്മദികളെ ശഹീദാക്കി. ഭൗതികമായ പ്രലോഭനങ്ങളും നൽകുകയുണ്ടായി. എന്നാൽ, അല്ലാഹു അഹ്മദികൾക്ക് ഖിലാഫത്തുമായുള്ള ബന്ധവും വിശ്വാസവും വർധിപ്പിച്ചുകൊണ്ടിരിക്കുന്നു. ഏഷ്യയിലെ അഹ്മദിയാണെങ്കിലും യൂറോപ്പിലേയോ അമേരിക്കയിലേയോ ആഫ്രിക്കയിലേയോ ഉള്ള അഹ്മദിയാണെങ്കിലും സകലരുടേയും ഖിലാഫത്തുമായിട്ടുള്ള ബന്ധം, അതു അല്ലാഹുവിനു മാത്രമെ ഉണ്ടാക്കാൻ സാധിക്കുകയുള്ളു.

അത് ജമാഅത്തംഗങ്ങൾക്ക് ഖിലാഫത്തിനോടും കാലത്തിന്റെ ഖലീഫയ്ക്ക് ജമാഅത്തംഗങ്ങളോടുമുള്ള സ്നേഹത്തിന്റേയും ആത്മാർഥതയുടേയും ഈ ബന്ധം ഒരു മനുഷ്യനാലും ഉണ്ടാക്കാൻ സാധ്യമല്ല. ഞാൻ ഏതു രാജ്യത്ത് പോകുമ്പോഴും ഈ ദൃശ്യമാണ് കാണാൻ കഴിയുന്നത്. ഇതുകേവലം പറയുന്ന കാര്യങ്ങളല്ല. പ്രത്യുത ഇന്ന് ക്യാമറ കണ്ണുകൾ അവ ഒപ്പിയെടുത്ത് സൂക്ഷിക്കുന്നു. എം.ടി.എ ഈ ദൃശ്യങ്ങൾ കാണിച്ചുകൊണ്ടിരിക്കുന്നു. അതു കാണുമ്പോൾ അല്ലാഹുവിന്റെ കർമസാക്ഷ്യം നിങ്ങളോടൊപ്പമാണെന്ന് ശത്രുക്കളും പറയാൻ നിർബന്ധിതരാകുന്നു. മാത്രമല്ല എനിക്കുവരുന്ന ആയിരക്കണക്കിന് കത്തുകളിലും അതെഴുതുന്നവർക്ക് ജമാഅത്തിനോടു എത്രമാത്രം ആത്മാർഥതയും കൂറുമുണ്ടെന്ന് വ്യക്തമാക്കുന്നു. അല്ലാഹു എങ്ങനെയാണ് അവരെ ഖിലാഫത്തുമായി ബന്ധിപ്പിക്കുന്നതെന്നും അവരുടെ ഹൃദയങ്ങളിൽ എങ്ങനെയാണ് ഖിലാഫത്തിനോടുള്ളസ്നേഹവും ബന്ധവുമുണ്ടാകുന്നതെന്നും വ്യക്തമാകുന്നു.

ഇനി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിലേക്ക് അല്ലാഹു ജനങ്ങൾക്ക് മാർഗദർശനം നല്കുന്നതിന്റേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)നുശേഷം ആരംഭിച്ച അദ്ദേഹത്തിന്റെ ഖിലാഫത്തിന്റേയും അല്ലാഹുവിന്റെ പ്രത്യേക സഹായത്തിന് വിധേയമാണെന്നുമുള്ളതിലേക്ക് ചല കത്തുകളുടെ മാതൃകകൾ നിങ്ങൾക്കു മുന്നിൽ വെക്കാനാണ് ഞാനാഗ്രഹിക്കുന്നത്.

ടാൻസാനിയായിൽ ഒരു മ്പാൻസ റീജ്യൺ ഉണ്ട്. അവിടെ നിന്നുള്ള ഒരു മുഅല്ലിം റിപ്പോർട്ടിൽ എഴുതുന്നു: ഒരു ദിവസം സുബ്ഹി നമസ്കാരത്തിനുശേഷം മുബല്ലിഗിനോടൊപ്പം ജമാഅത്തംഗങ്ങളുമായുള്ള കൂടിക്കാഴ്ചയ്ക്കു പോയി. ളുഹ്ർ നമസ്കാരത്തിനുമുമ്പേ മസ്ജിദിൽ തിരിച്ചെത്തിയപ്പോൾ മസ്ജിദിന്റെ ഗോവണിപ്പടിയിൽ ഒരു സ്ത്രീയെ കണ്ടു. വിവരങ്ങളന്വേഷിച്ചപ്പോൾ അവർ ദുആ ചെയ്യിക്കാൻ വേണ്ടി വന്നതാണെന്ന് അറിയാൻ കഴിഞ്ഞു. അനഹ് മദി മുസ് ലിമീങ്ങളെപ്പോലെ നമ്മളും ഉറുക്കുകെട്ടുകയും മറ്റും ചെയ്യുന്ന ആചാരങ്ങൾ വെച്ചുപുലർത്തുന്നവരാണെന്ന ധാരണയിലാണ് അവർ വന്നത്. ആഫ്രിക്കൻ ജനതയിലും ഇങ്ങനെയുള്ള ആചാരക്കാർ ധാരാളമുണ്ട്. ഏതായാലും മുറബ്ബി സാഹിബ് അവർക്ക് ജമാഅത്തിന്റെ അധ്യാപനങ്ങളെ കുറിച്ച് ബോധ്യപ്പെടുത്തിക്കൊടുത്തു. അവർക്കുവേണ്ടി ദുആ ചെയ്തു. ആ സ്ത്രീ പറഞ്ഞു, ഞാൻ സ്വപ്നത്തിൽ നീണ്ട താടിയുള്ള ഗോതമ്പു നിറമുള്ള വ്യക്തി, ഈ മുറബ്ബി സാഹിബ് പറഞ്ഞു തന്നതുപോലെ എനിക്ക് ദീനീ കാര്യങ്ങൾ പറഞ്ഞുതരുന്നതായി കണ്ടു. അപ്പോൾ അവർക്ക് അഹ്മദിയ്യ ജമാഅത്തിനെ പരിചയപ്പെടുത്തിക്കൊടുത്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഖലീഫമാരുടേയും ഫോട്ടോകളും കാണിച്ചുകൊടുത്തു. തനിക്ക് സ്വപ്നത്തിൽ വന്ന് പഠിപ്പിച്ച ആളുകൾ ഹദ്റത്ത് മസീഹ് മൗഊദും(അ)ഖലീഫത്തുൽ മസീഹ് ഥാനിയുംപോലെയുണ്ടെന്ന് അവർ പറഞ്ഞു. അതിനുശേഷം ആ സ്ത്രീ മൂന്നു മക്കളോടൊപ്പം ബയ്അത്ത് ചെയ്തു. ഇക്കാലഘട്ടത്തിലും ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനിയുടെ രൂപവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഫോട്ടോയോടൊപ്പം കാണിക്കപ്പെടുന്നു.

ഇന്തൊനീഷ്യയിലെ പശ്ചിമ കാലിമൻതാൻ സംസ്ഥാനത്തുള്ള ഒരു പ്രദേശത്ത് അബ്ദുല്ലാഹ്എന്ന ഒരാളുണ്ട്. അദ്ദേഹം തന്റെ ഭാര്യാമക്കളോടൊപ്പം ബയ്അത്ത് ചെയ്തു.അദ്ദേഹത്തിന് 2019 മുതലാണ് ജമാഅത്തുമായി ബന്ധമുണ്ടായത്. മുബല്ലിഗിന്റെ സംസാരത്തിൽ അദ്ദേഹം ഏറെ ആകൃഷ്ടനായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹം മസ്ജിദിൽ വരുമായിരുന്നു. അദ്ദേഹം മറ്റുള്ള മൗലവിമാരിൽനിന്ന് ഏറെ വ്യത്യസ്തനാണെന്ന് മനസ്സിലാക്കിയിരുന്നു. ഏതായിരുന്നാലും അദ്ദേഹം നമ്മുടെ മിഷണറിയുമായി അടുക്കാൻ തുടങ്ങിയപ്പോൾ ആ പ്രദേശത്തുള്ള മൗലവിയും നാട്ടുകാരും അദ്ദേഹത്തിനുമേൽ ആരോപണങ്ങൾ ഉന്നയിക്കുകയും പുരത്താക്കുകയും തങ്ങളുടെ മസ്ജിദിൽ വരുന്നത് തടയുകയും ചെയ്തു. അദ്ദേഹം പറയുന്നു: ഞാനൊരു സ്വപ്നം കണ്ടു. ഒരു ചുഴിയിൽ ഞാൻ അകപ്പെട്ടിരിക്കുകയാണ്. അതെന്ന് മുക്കുന്നു. എന്നാൽ, ഒരു മഹാത്മാവ് എന്നെ രക്ഷിക്കാൻവേണ്ടി വന്നു. അദ്ദേഹം ഇട്ടിരുന്നത് ജുബ്ബയാണ്. കൈയിൽ ഒരു വടിയുമുണ്ടായിരുന്നു. നമ്മുടെ മുബല്ലിഗ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഊന്നുവടി പിടിച്ചു നില്ക്കുന്ന ഫോട്ടോ കാണിച്ചു കൊടുത്തു. അപ്പോൾ അദ്ദേഹം വിറച്ചുകൊണ്ട് പറഞ്ഞു:ഈ മഹാത്മാവ് തന്നെയാണ് സ്വപ്നത്തിൽ തന്റെ വടികൊണ്ട് ചുഴിയിൽനിന്ന് രക്ഷിച്ചത്. ഇതേപോലെ അദ്ദേഹത്തിന്റെ മകനും സ്വപ്നം കാണുകയുണ്ടായി. ജുബ്ബയിട്ട പലയാളുകളേയുംഅദ്ദേഹം സ്വപ്നത്തിൽ കണ്ടിരുന്നു. അപ്പോൾ നമ്മുടെ മുബല്ലിഗ് അദ്ദേഹത്തിന് ഹദ്റത്ത് മസീഹ് മൗഊദിന്റെ ഫോട്ടോയോടൊപ്പം ഖലീഫമാരുടേയും ഫോട്ടോകൾ കാണിച്ചുകൊടുത്തു. അപ്പോൾ അദ്ദേഹം ആശ്ചര്യത്തോടെ പറഞ്ഞു:താൻ സ്വപ്നത്തിൽ കണ്ടു ആളുകളിൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥും ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഉം ഞാനുമുണ്ടായിരുന്നു. ഇവരെല്ലാവരും താൻ കണ്ട ആളുകൾതന്നെയാണെന്ന് അദ്ദേഹം പറഞ്ഞു. അല്ലാഹു എല്ലാവരേയും ഒരുമിച്ചുകൂട്ടിയും കാണിച്ചുകൊടുത്തു. അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നു ശേഷമുള്ള ഖിലാഫത്ത് സംവിധാനം തുടർച്ചയായി നിലനിന്നുപോകുകയാണ്. ഏതായിരുന്നാലും ഈ സ്വപ്നങ്ങൾക്കുശേഷം അദ്ദേഹത്തിന്റെ കുടുംബവും ബയ്അത്തു ചെയ്തു. സത്യസന്ധമായ അന്വേഷണ ത്വരയുണ്ടെങ്കിൽ അല്ലാഹു നേർമാർഗത്തിൽ വഴി നടത്തുന്നതായിരിക്കും.

ഇന്തൊനീഷ്യയിലെ തെക്കൻ സംസ്ഥാനത്ത് ബാറു എന്നൊരു സ്ഥലമുണ്ട്. അമീർ സാഹിബ് എഴുതുന്നു:ഒരിക്കൽ നമ്മുടെ മുബല്ലിഗ് മസ്ജിദിൽ സുബ്ഹി നമസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരാൾ വന്ന് ജമാഅത്തിനോടൊപ്പം ചേർന്നു. താൻ മറ്റൊരു സ്ഥലത്തുനിന്ന് ഭാര്യയുടെ ബന്ധുക്കളെ കാണാനാണ് അവിടെ

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം: •

'അല്ലാഹുവിനുവേണ്ടി പരസ്പരമുളള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊളളുന്നവർ.'(ജുമുഅ ഖുത്വ്ബ 4 – 10 – 2019)

## • അല്ലാഹുവിന്റെ കലാം: •

ഇബ്റാഹീം പ്രാർഥിച്ചുകൊണ്ട് പറഞ്ഞ സന്ദർഭം സ്മരിക്കുക. എന്റെ നാഥാ ഈ പട്ടണത്തെ സമാധാന പൂർണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമേ ( വിശുദ്ധ ഖുർആൻ 14:36)


## തൊഴിലാളികളെ ആവശ്യമുണ്ടോ?

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമു≠ാ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

**KHAIRUL ISLAM, JAYGAM -WEST BENGAL - Phone: 97348 44732**

ത്വാലിബെ ദുആ: T.A. SUDHEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

വന്നിട്ടുള്ളതെന്ന് അയാൾ പറഞ്ഞു. സംസാരത്തിന്നിടയിൽ വളരെ ബുദ്ധിമുട്ടുകൾ നിറഞ്ഞ തന്റെ ഭൂതകാല ജീവിതത്തെ കുറിച്ചും അദ്ദേഹം സ്മരിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു, ഒരിക്കൽ അതിവിഷമകരമായൊരു ഘട്ടത്തിൽ വെള്ളത്താടിയും തലപ്പാവുമുള്ള ഒരു മഹാത്മാവുമായി കൂടിക്കാഴ്ച നടത്തുന്നത് സ്വപ്നത്തിൽ കാണുകയുണ്ടായി. ആ സ്വപ്നത്തിൽ പകിടി ധരിച്ചയാൾ പറഞ്ഞു: 40 ദിവസംവരെ നിത്യവും സുബ്ഹി നമസ്കാരത്തിനുശേഷം സ്വദഖ കൊടുക്കുകയാണെങ്കിൽ കഷ്ടപ്പാടുകൾ അകന്നു പോകുന്നതാണ്. അപ്പോൾ അദ്ദേഹം സ്വപ്നത്തിൽ കണ്ടത് പ്രാവർത്തികമാക്കി. 20-ാമത്തെ ദിവസം മുതൽ അദ്ദേഹത്തിന്റെ കഷ്ടപ്പാടുകൾ നീങ്ങിത്തുടങ്ങി. പല രീതിയിലുള്ള ജോലികളും സൗകര്യങ്ങളും കിട്ടിത്തുടങ്ങി. അദ്ദേഹം പറയുന്നു:ഏകദേശം മൂന്നുമാസം മുമ്പേ കണ്ട വെള്ളത്താടിയും തലപ്പാവുമുള്ള വ്യക്തി വീണ്ടും സ്വപ്നത്തിൽ വന്നു. പഴങ്ങളെടുക്കാൻ അദ്ദേഹത്തേയും കൂട്ടി മുകളിൽ പോയി. എന്നിട്ട് അദ്ദേഹത്തോടു പറഞ്ഞു:ഈ സ്വപ്നം തങ്ങൾക്കുള്ളിൽ തഖ്‌വായുടെ അടയാളം ഉള്ളവരോടു മാത്രം പറയുക. ഏതായിരുന്നാലും അതിനു ശേഷം മുബല്ലിഗ് അദ്ദേഹത്തിന് ഖലീഫമാരുടെ ഫോട്ടോകൾ കാണിച്ചുകൊടുത്തു. അദ്ദേഹം ആശ്ചര്യത്തോടെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ ഫോട്ടോയിൽ ചൂണ്ടിക്കൊണ്ടു പറഞ്ഞു:ഈ മഹാത്മാവിനെയാണ് ഞാൻ കണ്ടത്. അങ്ങനെ അദ്ദേഹം ബയ്അത്തു ചെയ്ത് ജമാഅത്തിൽ ചേർന്നു.

മാലി എന്ന രാജ്യത്ത് വസിക്കുന്ന സറാജീ എന്നുപേരുള്ള ഒരു സ്ത്രീയെ സംബന്ധിച്ച് മുബല്ലിഗ് പറയുന്നു: വളരെ ആത്മാർഥതയുള്ള സ്ത്രീയാണ്. അടുത്ത് ഗ്രാമങ്ങളിൽ എവിടെ തബ് ലീഗ് പരിപാടിയുണ്ടെങ്കിലും തന്നെ സൈക്കിളിലിരുത്തി കേൾക്കാൻ കൊണ്ടുപോകണമെന്ന് തന്റെ മക്കളോടു പറയുമായിരുന്നു. അവർ പറയുന്നു: അഹ്മദിയാകുന്നതിനു മുമ്പേ രണ്ടു ശബ്ദം സ്വപ്നത്തിൽ കേട്ടിരുന്നു. ഒന്ന് എന്റെ ഖുത്ബയിൽ ഞാനോതാറുള്ള തശഹ്ഹുദിന്റേയും സൂറ ഫാത്തിഹായുടേയും ശബ്ദമാണ്. രണ്ടാമത്തേത് അവിടെയുള്ള മുബല്ലിഗ് മആദ് സാഹിബിന്റെ തബ്‌ലീഗ് ചെയ്യുന്ന ശബ്ദമാണ്. ആ സ്ത്രീ പറയുന്നു: എനിക്ക് സ്വപ്നത്തിൽ വരുന്ന ഈ ശബ്ദങ്ങൾ ആരുടേതാണെന്ന കാര്യത്തിൽ ഞാൻ അത്ഭുതപ്പെട്ടിരുന്നു. ജമാഅത്തിന്റെ റേഡിയോ പ്രോഗ്രാം ആരംഭിക്കുകയും അങ്ങനെ അവർ റേഡിയോവിൽ എന്റെ ഖുത്ബകളും തിലാവത്തും മറ്റു തബ്‌ലീഗ് പരിപാടികളും കേൾക്കുകയും ചെയ്തപ്പോൾ താൻ സ്വപ്നത്തിൽ കേട്ട അതേ ശബ്ദങ്ങളാണ് അതെന്ന് പറയുകയുണ്ടായി. അങ്ങനെ ഇക്കാര്യം അവർക്ക് ജമാഅത്ത് സ്വീകരിക്കുന്നതിനും നിമിത്തമായി.

കാമറൂൺ എന്ന മറ്റൊരു രാജ്യമുണ്ട്. അവിടുത്തെ അബ്ദുർറഹ് മാൻ ബലേനെ എന്ന യുവാവ് താൻ അഹ് മദിയായ സംഭവം വിവരിച്ചുകൊണ്ടു പറയുന്നു: ഏതാനും വർഷം മുമ്പേ ഞാൻ രണ്ടു മഹാത്മാക്കളെ സ്വപ്നത്തിൽ കണ്ടിരുന്നു. അവരിലൊരാൾ താങ്കളെന്താണ് ചെയ്യുന്നതെന്ന് എന്നോടു ചോദിച്ചു. ഞാൻ പറഞ്ഞു: ഞാൻ ടൗണിൽ മോട്ടർ സൈക്കിളിൽ യാത്രക്കാരെ കൊണ്ടുപോകുന്നു. അങ്ങനെ ഞാനെന്റെ ജീവിതച്ചെലവ് കണ്ടെത്തുന്നു. രണ്ടാമത്തെയാൾ എന്നോടു പറഞ്ഞു:താങ്കൾ മോട്ടർ സൈക്കിൾ ഒഴിവാക്കി ഇവിടെ വന്ന് നമസ്കരിപ്പിക്കുക. അങ്ങനെ ഞാൻ നമസ്കരിപ്പിച്ചു. അതിനുശേഷം ഞാനുണർന്നു. അദ്ദേഹം പറയുന്നു:ഏതാനും ദിവസങ്ങൾക്കുശേഷം അങ്ങാടിയിൽ നോട്ടീസ് വിതരണം ചെയ്യുന്ന ഒരു യുവാവിനെ കണ്ടു. അത് അഹ്മദിയ്യ ജമാഅത്തിന്റേതായിരുന്നു. ഞാൻ അതു വാങ്ങി വീട്ടിൽ വന്ന് ശ്രദ്ധാപൂർവം നോക്കുകയും വായിക്കുകയും ചെയ്തു. അതിൽ ഒരു മഹാത്മാവിന്റെ ഫോട്ടോ കണ്ടു. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഫോട്ടോ ആയിരുന്നു. അദ്ദേഹത്തെയാണ് ഞാൻ സ്വപ്നത്തിൽ കണ്ടത്. അതിനുശേഷം ഞാൻ ജമാഅത്തുമായി ബന്ധപ്പെടാൻ ശ്രമിച്ചു. അവിടെയുള്ള മുബല്ലിഗുമായി അദ്ദേഹത്തിന്റെ ബന്ധം വർധിക്കുകയും ചെയ്തു. കൂടുതൽ സാഹിത്യങ്ങൾ വാങ്ങി. അദ്ദേഹം ആദ്യം കണ്ട വ്യക്തിയുടെ ഫോട്ടോ മറ്റു സാഹിത്യങ്ങളിലും അദ്ദേഹത്തിന് കാണാൻ കഴിഞ്ഞു. ആ ഫോട്ടോ എന്റേതായിരുന്നു. അദ്ദേഹം പറയുന്നു: രണ്ടാമത്തെ ഫോട്ടോ ഇപ്പോഴത്തെ ഖലീഫയുടേതായിരുന്നു. അദ്ദേഹം പറയുന്നു:ഞാൻ പേരു കേട്ടിരുന്നെങ്കിലും കൂടുതലൊന്നും അറിയുമായിരുന്നില്ല. എന്നാൽ, സ്വപ്നത്തിൽ എന്നോടു നമസ്കരിപ്പിക്കാൻ പറഞ്ഞത് ജമാഅത്തിന്റെ ഇപ്പോഴത്തെ ഖലീഫയായിരുന്നു. അദ്ദേഹം എന്നെ നമസ്കരിപ്പിക്കാൻവേണ്ടി വിളിച്ചതും ഞാൻ നമസ്കരിപ്പിച്ചതിന്റേയുമൊക്കെ അനുഗ്രഹമായിരിക്കാം കഴിഞ്ഞ വർഷം ഞങ്ങളുടെ ഗ്രാമതത്തലവൻ മരണപ്പെട്ടു. അദ്ദേഹത്തിന് മക്കളൊന്നുമുണ്ടായിരുന്നില്ല. യാദൃച്ഛികമെന്നു പറയട്ടെ അദ്ദേഹത്തിന്റെ വസ്വിയ്യത്തനുസരിച്ച് എന്നെ ഗ്രാമത്തലവനാക്കി ആദരിക്കുകുണ്ടായി. അദ്ദേഹം പറയുന്നു:അഹ്മദിയ്യ ജമാഅത്തു കാരണമാണ് എനിക്ക് ഈ അന്തസ്സ് ലഭിച്ചതെന്ന് ഞാൻ മനസ്സിലാക്കുന്നു.

ഗിനി-ബിസോ എന്ന രാജ്യത്തിലെ മുബല്ലിഗ് ഇൻചാർജ് പറയുന്നു: ഇവിടെ ഒരു സ്ഥലത്ത് മാരിയ സാഹിബ എന്ന ഒരു സ്ത്രീയുണ്ട്. അവരുടെ രണ്ടു ആൺമക്കൾ അഹ്മദിയ്യത്ത് സ്വീകരിച്ചപ്പോൾ ഈ ആഇശാ മാരിയ എന്നുപേരുള്ള സ്ത്രീയുടെ ജമാഅത്തിന്റെ ബദ്ധവൈരിയായ മൂത്ത സഹോദരൻ -ഇയാളാണ് ആഇശായേയും കുടുംബത്തേയും സംരക്ഷിക്കുകയും ഭക്ഷണത്തിനും മറ്റുമുള്ള സാധനങ്ങളെത്തിക്കുകയും ചെയ്തിരുന്നത്-തന്റെ സഹോദരിക്ക് ഫോൺ ചെയ്തി നിങ്ങളുടെ മക്കൾ അഹ്മദിയ്യത്ത് ഒഴിവാക്കുന്നില്ലെങ്കിൽ താൻ നിങ്ങൾക്കു നല്കുന്ന സഹായം നിറുത്തുമെന്നും തനിക്ക് നിങ്ങളുമായി ബന്ധമൊന്നുമുണ്ടാകുകയില്ലെന്നും ഭീഷണിമുഴക്കി. ഇതു കേട്ടപ്പോൾ ആഇശാ വളരെ അസ്വസ്ഥയായി. മക്കളെ വിളിച്ച് അഹ്മദിയ്യത്ത് ഒഴിവാക്കണമെന്നു പറഞ്ഞു. പക്ഷേ, മക്കൾ അതിനു മറുപടിയായി പറഞ്ഞു:ഞങ്ങൾക്ക് അല്ലാഹു മതിയായവനാണ്. ഞങ്ങളൊരിക്കലും അഹ്മദിയ്യത്ത് ഒഴിവാക്കുകയില്ല. മക്കളുടെ ഈ മറുപടി കേട്ടപ്പോൾ ആഇശാ കുറെക്കൂടി വിഷമിച്ചു. എന്തു ചെയ്യണമെന്ന് അറിയില്ലായിരുന്നു. അവർ പറയുന്നു: രണ്ടു ദിവസത്തിനുശേഷം ഞാൻ ഒരു സ്വപ്നം കണ്ടു. വളരെ അസ്വസ്ഥയായി ഉച്ചത്തിൽ ഞാൻ കരയുന്നതാണ് കണ്ടത്. ഇത്രയും ആയപ്പോഴേക്കും വെള്ളവസ്ത്രധാരിയായ താടിയുള്ള ഒരാൾ അവരോടു കരയാനുള്ള കാരണം ചോദിച്ചു. അപ്പോൾ അവർ എല്ലാ കാരണങ്ങളും വിവരിച്ചു. തുടർന്ന് അദ്ദേഹം സമാധാനപ്പെടുത്തിക്കൊണ്ടു പറഞ്ഞു:നിങ്ങൾ അസ്വസ്ഥയാവേണ്ട. നിങ്ങളുടെ മക്കൾ അവരുടെ എല്ലാവരുടേയും മീതെ വരുന്നതാണ്. ഇതുകേട്ടു കഴിഞ്ഞപ്പോൾ അവരുടെ കണ്ണുകൾ തുറന്നു. സ്വപ്നത്തിനുശേഷം അവരുടെ മനസ്സിനും സമാധാനമായി. നേരം വെളുത്തതും ഈ സ്വപ്നം നമ്മുടെ മുബല്ലഗിനോടു പറഞ്ഞു. അവർക്ക് മിഷണറി സാഹിബ് എന്റെ ഫോട്ടോ കാണിച്ചുകൊടുത്തപ്പോൾ ഇദ്ദേഹം തന്നയാണ് സ്വപ്നത്തിൽവന്നതെന്നും എന്നെ സമാധാനിപ്പിച്ചതെന്നും പറഞ്ഞു. ഇപ്പോൾ അവർ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ ആത്മാർഥതയുള്ള അഹ്മദിയും ലജ്നയുടെ പരിപാടികളിൽ സജീവ സാന്നിദ്ധ്യവുമാണ്.കെനിയ(ഗലിയ്യമ)ലുള്ള ഒരു സംഭവമാണ്. അവിടെ നകുറു എന്ന റീജ്യണിൽ ഭാട്ടി എന്ന സ്ഥലത്ത് നമ്മുടെ ജമാഅത്തുണ്ട്. ഇതു ക്രിസത്യൻ ഭൂരപക്ഷ പ്രദേശമാണ്. ചെറിയൊരു പ്രദേശമാണ്. ഈ പ്രദേശത്തും 550 വോളം ചർച്ചുകളുണ്ട്. അവിടെ മുസ്‌ലിമീങ്ങളുടേതായി ഒരു അഹ്മദിയ്യ സെന്റർ മാത്രമെയുള്ളു. ഒരു ദിവസം അവിടെയുള്ള ഒരു മുസ്‌ലിം നമ്മുടെ സെന്ററിൽവന്ന നമസ്കാരത്തിൽ പങ്കുചേർന്നു. നമസ്കാരത്തിനുശേഷം അയാളുടെ പേര് മുഹമ്മദു അബ്ദി എന്നാണെന്നും തദ്ദേശവാസിയാണെന്നും പറഞ്ഞു. കുറച്ചു ദിവസം മുമ്പേ ഇവിടെയൊരു നമസ്കാര സെന്ററുണ്ടെന്ന് അറിഞ്ഞപ്പോൾ നമസ്കരിക്കാൻ വന്നതാണ്. എനിക്ക് സമാധാനമായി. തുടർന്ന് അദ്ദേഹത്തിനേ ജമാഅത്തിനെ പരിചയപ്പെടുത്തി. അപ്പോൾ അയാൾ പറഞ്ഞ കാര്യങ്ങളിൽനിന്ന് ജമാഅത്തിനോടു എതിർപുള്ളയാളാണെന്ന് മനസ്സിലായി. ഒരു ദിവസം വഴിയിൽവെച്ച് വീണ്ടും അദ്ദേഹത്തെ കണ്ടപ്പോൾ മുഅല്ലിം സാഹിബ് പറഞ്ഞു:നിങ്ങൾക്ക് അഭിപ്രായവ്യത്യാസമുണ്ടെങ്കിലും മുസ്‌ലിം സഹോദരനെന്ന നിലയ്ക്ക് നിങ്ങൾ ഞങ്ങളുടെ സെന്ററിൽവന്ന് നമസ്കരിക്കുന്നതിൽ ഞങ്ങൾക്ക് വിരോധമൊന്നിമില്ല. ഇനി എന്തെങ്കിലും മുൻകരുതലുകളാണെങ്കിൽ അതല്ല ചോദ്യങ്ങളുണ്ടെങ്കിൽ ചോദിക്കാവുന്നതുമാണ്. ഞങ്ങൾ അതിനുത്തരവും നല്കും. പറയുന്നു: അയാളുടെ മനസ്സ് തുറക്കുന്നതിനുവേണ്ടി ഞാൻ ദുആയും ചെയ്തുകൊണ്ടിരുന്നു. കുറച്ചു ദിവസങ്ങൾക്കു ശേഷം മുഹമ്മദ് അബ്ദീ എന്റെ വീട്ടിൽ വന്നു. ആ നേരത്ത് എം.ടി.എ തുറന്നു വെച്ചിട്ടുണ്ടായിരുന്നു. അവിടെ അപ്പോൾ എന്റെ ഖുത്ബയാണ് വന്നുകൊണ്ടിരുന്നത്. കുറേ സമയം അദ്ദേഹം അത് ശ്രദ്ധാപൂർവം കേട്ടുകൊണ്ടിരുന്നു. ഖുത്ബ അവസാനിച്ചപ്പോൾ അദ്ദേഹം പറഞ്ഞു:ഞാൻ ബയ്അത്ത് ചെയ്യാനാഗ്രഹിക്കുന്നു. പ്രത്യക്ഷത്തിൽ എതിരാളിയായിരുന്ന അയാൾക്ക് പെട്ടെന്ന് എന്തുമാറ്റമാണുണ്ടായതെന്ന കാര്യത്തിൽ അത്ഭുതപ്പെട്ടുകൊണ്ട് ബയ്അത്തിനുള്ള കാരണം ഞാൻ അന്വേഷിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു:കഴിഞ്ഞ ദിവസം രാത്രിയുടെ അന്ത്യയാമത്തിൽ ഉണർന്നപ്പോൾ ഞാൻ മുറ്റത്തിറങ്ങി. എന്റെ ദൃഷ്ടി പെട്ടെന്ന് ആകാശത്ത് പതിഞ്ഞു. അവിടെ പ്രകാശമുള്ള ഒരി വസ്തു കാണപ്പെട്ടു. അതെന്റെ ഹൃദയത്തിൽ വളരെ ആദരയുക്തമാ ഭയമുളവാക്കി. സ്വാധീനിക്കുകയും ചെയ്തു. ഇപ്പോൾ നിങ്ങളുടെ അടുത്ത് വന്നപ്പോൾ, ഞാൻ ഖലീഫയുടെ ഖുത്ബ കണ്ടു. രാത്രിയിൽ കണ്ട ചിത്രം എന്റെ മനസ്സിൽ പൂർത്തിയായി. ഇപ്പോൾ ഞാൻ മുഴുവൻ കുടുംബത്തോടുമൊപ്പം ബയ്അത്ത് ചെയ്യുകയാണ്. ജമാഅത്തിൽ ചേരുകയാണ്.

ഒരു ശത്രുവിന് അല്ലാഹു അഹ്മദിയ്യത്തിന്റെ സത്യം വെളിപ്പെടുത്തുക മാത്രമല്ല പ്രത്യുത അയാളുടെ ഹൃദയത്തിൽ ഖിലാഫത്തിനോടുള്ള ബന്ധവുമുണ്ടാക്കുന്നു. ഇതേതെങ്കിലും മനുഷ്യ പ്രയത്നംകൊണ്ടു നടക്കുന്ന കാര്യമല്ല.

കാമറൂൺ മറ്റൊരു രാജ്യമാണ്. അവിടെ മർവ എന്നൊരു പട്ടണമുണ്ട്. അവിടുത്തെ സുലയ്മാൻ സാഹിബ് ടീച്ചറാണ്. പറയുന്നു:ഞാൻ കേബിൾ മുഖേന എം.ടി.എ പ്രോഗ്രാംകണ്ടു. അതിൽ അഹ്മദിയ്യ ജമാഅത്തിന്റെ ഖലീഫ കുട്ടികളുടെ ചോദ്യങ്ങൾക്ക് മറുപടി നല്കുകയായിരുന്നു. ഒരു കുട്ടി ഉക്രൈൻ-റഷ്യ യുദ്ധത്തെ കുറിച്ച് ചോദിച്ചപ്പോൾ അഹ്മദിയ്യ ജമാഅത്തിന്റെ ഇമാം വളരെ നല്ല രീതിയിൽ സരളമായി മറുപടി കൊടുത്തു. മാത്രമല്ല അതിൽ അദ്ദേഹം വളരെ

ശക്തരായ രാഷ്ട്രങ്ങളുടെ തലവന്മാർക്ക് കത്ത് അയച്ചുവെന്നും അവർക്ക് മുന്നറിയിപ്പ് നല്കിയെന്നും പറഞ്ഞിരുന്നു. ഇപ്പോൾ ലോകത്ത് സമാധാനം സ്ഥാപിതമാകുന്നില്ലെങ്കിൽ, നീതി നടപ്പാക്കുന്നില്ലെങ്കിൽ വളരെ ഭയാനകമായ അവസ്ഥയായിരിക്കുമുണ്ടാകുക. അദ്ദേഹം പറയുന്നു: ഇക്കാര്യങ്ങളെല്ലാം കേട്ടപ്പോൾ അഹ് മദിയ്യ ജമാഅത്തിലെ ഏതെങ്കിലും വ്യക്തിയെ പരിചയപ്പെടണമെന്ന് ആഗ്രഹിച്ചു. ഒരു ദിവസം മർവ പട്ടണത്തിലെ പ്രാദേശിക ടി.വി.യിൽ അഹ്മദിയ്യ ജമാഅത്തിന്റെ ഇമാം നല്കുന്ന ഖുത്വ്ബയുടെ തദ്ദേശഭാഷയിലുള്ള പരിഭാഷ വരുന്നുണ്ടായിരുന്നു. ടി.വി സ്ക്രീനിൽ സ്വദ്ർ ജമാഅത്തിന്റെ ഫോൺ നമ്പർ വന്നപ്പോൾ ഞാൻ ജമാഅത്തുമായി ബന്ധപ്പെട്ടു. അതിനുശേഷം ജമാഅത്തിന്റെ സാഹിത്യങ്ങളും ഖലീഫത്തുൽമസീഹിന്റെ ഗ്രന്ഥമായ വേൾഡ് ക്രൈസസും വായിച്ചതിനു ശേഷം എനിക്കു മനഃസമാധനാമായി. ഞാൻ ബയ്അത്തു ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. മുഅല്ലിം സാഹിബ് പറയുന്നു: ഇപ്പോൾ അദ്ദേഹം ജമാഅത്തിലെ ഊർജസ്വലനായ അംഗമാണ്. സിയറ ലിയോൺലെ മുബല്ലിഗ് എഴുതുന്നു: ഇബ്റാഹീം എന്നു പേരുള്ള ഒരാളുണ്ടായിരുന്നു. അദ്ദേഹം എം.ടി.എ യിൽ എന്റെ ഖുത്വ്ബകൾ കേട്ടിരുന്നു. മൗലവിമാർ അഹ്മദിയ്യ ജമാഅത്തിന്നെതിരിൽ പറയുന്ന കാര്യങ്ങൾ കളവാണെന്നും ഇദ്ദേഹം പറഞ്ഞു തുടങ്ങി. ഇദ്ദേഹം അഹ്മദി അല്ലായിരുന്നു. പക്ഷേ, എതിർപ്പുമുണ്ടായിരുന്നില്ല. അദ്ദേഹം മൗലവിമാർ അഹ് മദിയ്യ ജമാഅത്തിന്നെതിരിൽ പറയുന്ന കാര്യങ്ങൾ കളവിലധിഷ്ഠിതമാണെന്നും താൻ അഹ്മദിയ്യ ജമാഅത്തിന്റെ ഇമാമിനെ ശ്രവിച്ചിട്ടുണ്ടെന്നും അദ്ദേഹം ഖുർആനിക തെളിവുകളാണ് നല്കുന്നതെന്നും നബി(സ)തിരുമേനിയുടെ നാമം ഉച്ചരിക്കുകും ഹദീഥുകൾ വിവരിക്കുകയും ചെയ്യുന്നുവെന്നും പരസ്യമായി പറയാൻ തുടങ്ങി. അഹ്മദികളുടെ കലിമയും അതുതന്നെയാണ്. എല്ലാം ഇസ്ലാമിക അധ്യാപനമനുസരിച്ചാണ് നടക്കുന്നതെന്നും അതുകൊണ്ട് അഹ്മദിയ്യ മുസ് ലിം ജമാഅത്ത് എങ്ങനെ കളവാകാനാണെന്നും തുറന്ന നിലയിൽ ചോദിക്കുകയും ചെയ്തു. അഹ് മദികളുടെ കലിമയും അതുതന്നെയാണ്. എല്ലാം ഇസ്ലാമിക പാഠങ്ങൾക്ക് വിധേയമാണ്. അങ്ങനെ വരുമ്പോൾ അഹ്മദിയ്യ ജമാഅത്ത് എങ്ങനെ കള്ള പ്രസ്ഥാനമാകാനാണ്? അതിനുശേഷം അദ്ദേഹം അഹ്മദിയ്യ ജമാഅത്ത് സ്വീകരിക്കുകയും ചന്ദ കൊടുക്കാൻ തുടങ്ങുകയും ചെയ്തു. അദ്ദേഹം ഇപ്പോൾ വളരെ ആത്മാർഥനായ അഹ്മദിയാണ്.

ട്രേനീഡാഡിലെ അമീർ സാഹിബ് എഴുതുന്നു:ഒരു നവഅഹ്മദി സ്ത്രീ ശരീഫ സാഹിബ കഴിഞ്ഞ വർഷമാണ് ഭർത്താവിനോടൊപ്പം ബയ്അത്തു ചെയ്തത്. അവർ കഴിഞ്ഞ വർഷം തന്റെ രണ്ടു അമുസ് ലിം സഹോദരിമാരേയും അയൽവാസികളേയും തന്റെ വീട്ടിൽ ടി.വി.യിലൂടെ യു.കെ ജൽസ കാണാൻ ക്ഷണിച്ചു. ഇവർ ജൽസയുടെ സംവിധാനങ്ങളിൽ വളരെയധികം ആകൃഷ്ടരായി. പ്രത്യേകിച്ചും എന്റെ പ്രസംഗങ്ങൾ വളരെയേറെ അവർക്കിഷ്ടപ്പെട്ടുവെന്ന് പറയുകയുണ്ടായി. അഹ്മദിയ്യ ജമാഅത്ത് മാത്രമാണ് യഥാർഥ ഇസ്ലാമെന്നും സകല ഇസ്ലാമിക വിഭാഗങ്ങളും ഇതുപോലെയായിത്തീർന്നാൽ ഇസ് ലാമിന് ലോകത്ത് വിജയിക്കാൻ കഴിയുമെന്നും പറഞ്ഞു. ആ സ്ത്രീ പറയുന്നു:ഖലീഫത്തുൽ മസീഹിനെ കണ്ടപ്പോൾ എനിക്ക് കരിച്ചിൽ വരാൻ തുടങ്ങി. അദ്ദേഹത്തിന്റെ കാൽച്ചുവട്ടിലിരിക്കുന്നതുപോലെ എനിക്ക് അനുഭവപ്പെട്ടു. കുറച്ചുകാലശേഷം അവരുടെ ഭർത്താവ് മരണപ്പെടുകയും ചെയ്തു. പക്ഷേ, അവർ തന്റെ വീട് ജമാഅത്തിന് വഖ്ഫു ചെയ്തു. അതു ജമാഅത്തിന്റെ പേരിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

ഖർഗിസ്താനിലെ ഒരു തദ്ദേശ സുൽത്വാൻ അത്വാഖാനൂ അഹ്മദിയായി. അദ്ദേഹം പറയുന്നു:എന്റെ മകനും ഭാര്യക്കും ബയ്അത്ത് ചെയ്യാനുള്ള ഭാഗ്യം ലഭിച്ചിരിക്കുന്നു. ഞാൻ 2017-ൽ എല്ലാ ജമുഅക്കും ജമാഅത്തിന്റെ മിഷൻ ഹൗസിൽ പോകാൻ തുടങ്ങി. ഞാനും ഭാര്യയും വണ്ടിയിൽ ജുമുഅ നമസ്കരിക്കാൻ വേണ്ടി ജമാഅത്തിന്റെ മിഷൻ ഹൗസിൽ ഏറെക്കുറെ 12 കിലോമീറ്റർ യാത്രചെയ്താണ് പോകുന്നത്. ഞങ്ങൾ സാധാരണ ഹുദൂറിന്റെ ഖുത്വ്ബയുടെ റെക്കോർഡിംഗാണ് കേൾക്കാറുള്ളത്. അദ്ദേഹത്തിന്റെ ഖുത്വ്ബ കേൾക്കുമ്പോഴൊക്കെ എന്റെ ചിന്താഗതികൾ വളരെ സത്യമായിക്കൊണ്ടിരുന്നു. അങ്ങനെ ഈ വർഷം രണ്ടാം തിയതി പരിശുദ്ധ റമളാൻ മാസത്തിന്റെ അനസാനത്തിൽ ഈദു ദിവസം ഞാൻ ബയ്അത്തു ചെയ്തു. ഇതു കഴിഞ്ഞ വർഷം നടന്ന സംഭവമാണ്. അദ്ദേഹം പറയുന്നു: ഇതു ഞാൻ നേരത്തെ പറയാനാഗ്രഹിച്ചിരുന്നതാണ്. പക്ഷേ, പല കാരണത്താൽ വിട്ടു പോയതാണ്. ഞാൻ വളരെ ചുരുക്കി എഴുതിയതാണ്. പക്ഷേ, എന്റെ മനസ്സിന്റെ ഉള്ളിലുള്ള കാര്യങ്ങളെല്ലാം വാക്കുകളിൽ വിവരിക്കാൻ സാധ്യമല്ല. ഞാനെല്ലാ നമസ്കാരത്തിലും ഇസ് ലാമിനെക്കുറിച്ചുള്ള അറിവ് വർധിക്കുന്നതിനുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുന്നു. ഓരോ ജമുഅ നമസ്കാരവും എനിക്കെപ്പോഴും എന്തെങ്കിലും പുതിയ കാര്യങ്ങൾ തുറന്നു തരാറുണ്ട്.

(ബാക്കി അടുത്ത ലക്കത്തിൽ)

## യഥാർഥ നമസ്കാരത്തിന്റെ പ്രയോജനങ്ങൾ

**ഹദ്റത്ത് മസീഹ് മൗഊദ്(അ)**

ഓർക്കുക, തലകുത്തിമറിയുന്ന രീതിയിൽ നമസ്കാരം ആയിരം കൊല്ലം അനുഷ്ഠിച്ചാലും ഒരിക്കലും ഗുണം ചെയ്യില്ല. നമസ്കാരം എങ്ങനെയുള്ള സംഗതിയാണെന്നു വെച്ചാൽ, അതുമുഖേന വാനലോകം മനുഷ്യനു മുൻപാകെ കുനിയുന്നു. താൻ മരണം വരിക്കുകയും തന്റെ ആത്മാവ് ആർദ്രമായിക്കൊണ്ട് ദൈവസമക്ഷം വന്നു വീഴുകയും ചെയ്തിരിക്കുന്നു എന്നാണ് നമസ്കാരം മുറപ്രകാരം നിർവ്വഹിക്കുന്നയാൾ ചിന്തിക്കുന്നത്. മനസ്സിൽ നിശ്ചലതയും രസക്കേടുമുണ്ടെങ്കിൽ 'ദൈവമേ നീ തന്നെ ഇത് അകറ്റിത്തരികയും ആനന്ദവും വെളിച്ചവും ഇറക്കുകയും ചെയ്യേണമേ' എന്ന് അതിനു വേണ്ടി പ്രാർഥിക്കുകയാണ് വേണ്ടത്.

ഇത്തരത്തിലുള്ള നമസ്കാരം കുടികൊള്ളുന്ന ഭവനങ്ങൾ ഒരിക്കലും നശിക്കുകയില്ല. ഹദ്റത്ത് നൂഹ് നബി (അ)യുടെ കാലത്ത് ഈ നമസ്കാരമുണ്ടായിരുന്നെങ്കിൽ ആ സമൂഹം ഒരിക്കലും നശിക്കുമായിരുന്നില്ല എന്ന് ഹദീസിൽ വന്നിരിക്കുന്നു. മനുഷ്യനെ സംബന്ധിച്ചിടത്തോളം ഉപാധികളോടു കൂടിയതാണ് ഹജ്ജ് കർമം. നോമ്പിനും നിബന്ധനകളുണ്ട്. സക്കാത്തിനും ഉപാധികളുണ്ട്. എന്നാൽ നമസ്കാരത്തിന് നിബന്ധനകളില്ല. മറ്റു കർമങ്ങൾ വർഷത്തിൽ ഒരു തവണയെയുള്ളു. എന്നാൽ നമസ്കാരം ദിവസവും അഞ്ചുനേരം അനുഷ്ഠിക്കാനാണ് അനുശാസിക്കപ്പെട്ടിരിക്കുന്നത്. അതു കൊണ്ട് നമസ്കാരം പൂർണമായും നിർവഹിക്കുന്നതു വരെ അതുമുഖേന ലഭിക്കുന്ന അനുഗ്രഹങ്ങളും ലഭിക്കുന്നതല്ല; ആ ബൈഅത്തും ഗുണം ചെയ്യുന്നതല്ല.വിശപ്പും ദാഹവുമുള്ളവന് ഒരു ഉരുള ഭക്ഷണമോ ഒരു ഇറക്ക് വെള്ളമോ തൃപ്തിയേകുകയില്ലല്ലോ. പൂർണ്ണ ഭോജ്യം നല്കിയെങ്കിലേ മനസ്സ് നിറയുകയുള്ളു. ഇതേപോലെ, പാഴായ തഖ് വ ഒരിക്കലും ഗുണം ചെയ്യില്ല. തന്നെ സ്നേഹിക്കുന്നവരെയാണ് ദൈവം സ്നേഹിക്കുന്നത്. ലൻ തനാലുൽ ബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂൻ അതായത്, അവസരം വന്നു ചേരുമ്പോൾ ഏറെ പ്രിയപ്പെട്ട ജീവൻ പോലും ദൈവമാർഗത്തിൽ നല്കുക. തന്നിൽ മരണം വരിക്കുന്നതു പോലുള്ള അവസ്ഥ നമസ്കാരത്തിൽ കൊണ്ടു വരുന്നതും നന്മയിലെത്തുച്ചേരുന്ന സംഗതിയാണ്. (മൽഫൂ സാത്ത് വാല്യം. 3. പേ.627)

### • ഹദീസുന്നബവി: •

**അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദി കാണിക്കുന്നില്ല(മുസ്നദ് അഹ്മദ്)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

### • കലാമുൽ ഇമാം: •

**'ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു.'**
**(മൽഫൂദാത്ത് വാല്യം.1 പേജ്. 220)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 29 June 2023 Issue-26

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

**പേജ് 7 ൽനിന്ന്**

യർ മുനവ്വർ അഹ്മദ് റാണ സാഹിബിന്റേതാണ്. ഇദ്ദേഹം റാവൽപിണ്ടി ജമാഅത്തിന്റെ ജില്ല സെക്രട്ടറിയായിരുന്നു. ഇദ്ദേഹവും കഴിഞ്ഞ ദിവസം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിയൂൻ ഇദ്ദേഹത്തിന്റെ കുടുംബത്തിൽ ഇദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്ന ചൗദ്ദരീ ഗുലാം അഹ്മദി സാഹിബ് മുഖേനയാണ് അഹ്മദിയ്യത്ത് എത്തിയത്. 1971–ൽ പാക്കിസ്താൻ ആർമിയിൽ അദ്ദേഹം കമ്മീഷൻ ചെയ്തു. സർവീസിന്നിടയിൽ ജമാഅത്തുമായി നല്ല ബന്ധമായിരുന്നു. സർവീസിലിരിക്കുമ്പോൾ വിവിധ സ്റ്റേഷനിൽ തന്റെ വീട് നമസ്കാര സെന്ററായി സമർപിച്ചിരുന്നു. ജമാഅത്തിനോടു അതിയായ സ്നേഹമുള്ള ധീരനായ അഹ്മദി ഓഫീസർ ആയിരുന്നു. വിരമിച്ചതിനുശേഷം മുഴുവൻ സമയവും ജമാഅത്തിന്റെ സേവനത്തിന് തന്നെ സമർപ്പിക്കുകയുണ്ടായി. കാന്റിലും റാവൽപിണ്ടി ജില്ലയിലുമുള്ള ഇമാറത്തുകളിൽ വിവിധ തലത്തിൽ സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചിട്ടുണ്ട്. കഠിനാധ്വാനം ചെയ്തുകൊണ്ടും ശ്രദ്ധാപൂർവവും ജമാഅത്തിനെ സേവിച്ചിരുന്നു. അങ്ങേയറ്റം മനുഷ്യത്വത്തോടും വിനയത്തോടും വണക്കത്തോടും സ്നേഹിതന്മാരോടു പെരുമാറിയിരുന്നു. തന്റെ മേലുദ്യോഗസ്ഥന്മാരെ അനുസരിച്ചിരുന്നു. ഖിലാഫത്തിനോടു അങ്ങേയറ്റം കൂറിന്റേയും അനുധാവനത്തിന്റേയും ബന്ധമായിരുന്നുഎല്ലാ ആഹ്വാനങ്ങൾക്കും ലബ്ബയ്ക്ക് പറയുന്ന ദേഹമായിരുന്നു. സാധുക്കളോടു സഹതാപമുള്ള ആളായിരുന്നു. ബുദ്ധിമുട്ടുകളിൽ കുടുങ്ങിയവരെ എപ്പോഴും സഹായിക്കാൻ സന്നദ്ധനായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. സന്തപ്ത കുടുംബത്തിൽ വയസ്സായ ഉമ്മയുണ്ട്, സലീമ ഖുർശീദ് സാഹിബ. രണ്ടുഭാര്യമാരുണ്ട്. അഞ്ചുമക്കളുമുണ്ട്; നാലു പെൺമക്കളും ഒരു മകനും. അല്ലാഹു അദ്ദേഹത്തോടു മഗ്ഫിറത്തോടും കാരുണ്യത്തോടും പെരുമാറട്ടെ.

അവസാനത്തെ അനുസ്മരണം ഗ്രൂപ്പ് ക്യാപ്റ്റൻ റിട്ടയേർഡ് അബ്ദുശ്ശുക്കൂർ മലിക് സാഹിബിന്റേതാണ്. അദ്ദേഹം അമേരിക്കയിലെ ഡൽസയിലായിരുന്നു. അവിടെവച്ച് കഴിഞ്ഞദിവസം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിയൂൻ. അദ്ദേഹത്തിന്റെ മാതാമഹൻ ഗുലാം നബി ശെയ് ഖ് സാഹിബ്(റ)ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്നു. അദ്ദേഹം മുഖേനയാണ് അവരുടെ ജന്മഗ്രാമമായി നൗശഹ്റയിലും ജമാഅത്തിന്റെ തബ്ലീഗ് നടന്നത്. അങ്ങനെ അവിടെ ജമാഅത്ത് സ്ഥാപിതമായി. പാക്കിസ്താൻ എയർഫോഴ്സിൽ പരേതന് എഞ്ചിനിയർ എന്ന നിലയ്ക്കും പിന്നീട് ഗ്രൂപ്പ് ക്യാപ്റ്റൻ എന്ന നിലയ്ക്കും പ്രവർത്തിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. 15 വർഷത്തോളം റാവൽപിണ്ടിയിൽ നാഇബ് അമീറായി സേവന മനുഷ്ഠിച്ചിട്ടുണ്ട്. ഇക്കാലഘട്ടത്തിൽ അദ്ദേഹം ജയിലിൽ അടയ്ക്കപ്പെട്ട നിരവധി അഹ്മദികളുടെ കേസ്സും നടത്തിയിരുന്നു. ഖിലാഫത്തുമായി വളരെ ആഴത്തിലുള്ള ബന്ധമായിരുന്നു. എയർഫോഴ്സിൽ ജോലി ചെയ്യുമ്പോൾ ജമാഅത്തുപരമായി എതിർപ്പുണ്ടായിട്ടുകൂടി താൻ അഹ്മദിയ്യാണെന്ന ഐഡന്റിറ്റി ധൈര്യപൂർവം അദ്ദേഹം നിലനിറുത്തിയിരുന്നു. വിരമിച്ചതിനുശഷം ജീവിതം ജമാഅത്തിനുവേണ്ടി വഖ്ഫു ചെയ്തു. ജമാഅത്തിനോടും ഖിലാഫത്തിനോടുമുള്ള അനുസരണത്തിൽ ഉന്നതമായ മാതൃക സ്ഥാപിച്ചിരുന്നു. രാത്രിയാണെങ്കിലും പകലാണെങ്കിലും അമീർ സാഹിബോ ജമാഅത്തോ വിളിക്കുമ്പോഴെല്ലാം ഉടൻതന്നെ ഹാജരാകുമായിരുന്നു. ഒരിക്കലും ഒഴികഴിവ് പറയുമായിരുന്നില്ല. നമസ്കാരത്തിലും നോമ്പിലും കൃത്യനിഷ്ഠയുള്ള ആളായിരുന്നു.എല്ലാവരോടും സ്നേഹപൂർവം പെരുമാറിയിരുന്നു. നല്ല സ്വാധീനം ചെലുത്താൻപറ്റിയ വ്യക്തിത്വമായിരുന്നു.

അദ്ദേഹത്തിന്റെ മകൾ ശാസിയ സുഹയ്ൽ സാഹിബ പറയുന്നു: എന്റെ പിതാവ് അധിക സമയവും ജമാഅത്തിന്റെ സേവനത്തിലാണ് കഴിച്ചുകൂട്ടിയിരുന്നത്. എവിടെയാണെങ്കിലും അദ്ദേഹത്തിന്റെ പ്രിയപ്പെട്ട സമയം നമസ്കാരത്തിലോ ജമാഅത്തിന്റെ സേവനത്തിലോ ആയിരിക്കും. എപ്പോഴും അല്ലാഹുവിന്റെ അനുഗ്രഹത്തിന്റേയും ദുആ സ്വീകാര്യതയുടേയും സംഭവങ്ങൾ കേൾപ്പിക്കുമായിരുന്നു. സദാ തന്റെ മക്കളെ കൂടെയിരുത്തി അല്ലാഹുവിന് അഹ്മദികളോടുള്ള പ്രത്യേക ബന്ധത്തേയും അഹ്മദികളുടെ കാര്യങ്ങൾ അല്ലാഹു എങ്ങനെയാണ് ഏറ്റെടുക്കുന്നതെന്നതിനേയും കുറിച്ചുള്ള സംഭവങ്ങളും വിവരിക്കുമായിരുന്നു. എല്ലാ പ്രധാനപ്പെട്ട കാര്യങ്ങൾക്കും ഖലീഫത്തുൽമസീഹിന് കത്തയക്കാൻ പ്രേരിപ്പിക്കുമായിരുന്നു. എല്ലാ കാര്യങ്ങളും ഹുദൂറിനെഴുതണമെന്നും പറയുമായിരുന്നു. അല്ലാഹുവിലുള്ള പൂർണമായ അർപണബോധവും ദൈവതൃപ്തിക്കുമുന്നിൽ തലകുനിക്കുന്നതും പിതാവിന്റെ ശീലമായിരുന്നു. കുട്ടിക്കാലംമുതലെ ഞങ്ങളെ പഠിപ്പിച്ചത് നമ്മുടെ കൈയിൽ എവിടെനിന്നെങ്കിലും പൈസ വന്നാൽ അതിൽനിന്ന് ചന്ദ കൊടുക്കുക എന്നതാണ്. അതുമുഖേന നമ്മുടെ വരവിൽ ബർക്കത്തുണ്ടാകും. പരിശുദ്ധിയിലും ബർക്കത്തുണ്ടാകും. പരേതൻ മൂസിയായിരുന്നു. സന്തപ്ത കുടുംബത്തിൽ മൂന്നു പെൺമക്കളും ഒരു മകനുമുണ്ട്. അദ്ദേഹത്തിന്റെ മകൻ ഡോക്ടർ ആമിർ സാഹിബ് അമേരിക്കയിൽത്തന്നെ ഡോക്ടറാണ്. ജമാഅത്തിന്റെ ജോലിയും അദ്ദേഹം ചെയ്യുന്നുണ്ട്. അല്ലാഹു അദ്ദേഹത്തോടു പൊറുക്കലോടും കരുണയോടുംകൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ ദുആകൾ അദ്ദേഹത്തിന്റെ മക്കൾക്കുപകരിക്കുമാറാകട്ടെ.

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**
രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.
**1800 3010 2131**
ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

**(പേജ് 1ൽനിന്ന്)**

ക്കുമുണ്ടാകുക.

ഇന്നസ്സംഅ ഈ വാക്യം വിരൽ ചൂണ്ടുന്നത് ധനത്തിന്റേയും ജിവന്റേയും കാര്യത്തിൽമാത്രം അക്രമത്തിൽ പിടിക്കപ്പെടുമെന്ന് ധരിക്കരുതെന്നാണ്. പ്രത്യുത മാനുഷികമായ അഭിമാനത്തിനുമേലു ആക്രമണത്തെ സംബന്ധിച്ചും ചോദ്യം ചെയ്യപ്പെടുന്നതായിരിക്കും. ഏതെങ്കിലും ചെവി മറ്റുള്ളവരെ സംബന്ധിച്ച് തനിക്ക് അവകാശമില്ലാത്തത് കേൾക്കുകയാണെങ്കിൽ അവനും ചോദ്യംചെയ്യപ്പെടും. ഏതെങ്കിലും കണ്ണ് മറ്റുള്ളവരെ സംബന്ധിച്ച് തനിക്ക് അവകാശമില്ലാത്തത് കാണുകയാണെങ്കിൽ അവനും ചോദ്യംചെയ്യപ്പെടും. ഏതെങ്കിലും ഹൃദയം മറ്റുള്ളവരെ സംബന്ധിച്ച് തനിക്ക് അവകാശമില്ലാത്ത ചിന്തകൾ വെച്ചുകൊണ്ടു നടക്കുകയാണെങ്കിൽ അവനും ചോദ്യംചെയ്യപ്പെടും. ഇതു എങ്ങനെയുള്ള ഉന്നതമായ പരിശുദ്ധ അധ്യാപനമാണെന്നാൽ അതിലുടെ പ്രവർത്തിച്ചാൽ ഒരു തരത്തിലുള്ള മാലിന്യവും മനുഷ്യനിൽ അവശേഷിക്കുകയില്ല.

ഈ അധ്യാപനത്തിൽ സ്വഭാവങ്ങളെ സംബന്ധിച്ച് ഉദാത്തമായ അധ്യാപനമാണ് നല്കപ്പെട്ടിട്ടുള്ളത്. മനുഷ്യർ തങ്ങളുടെ തീരുമാനങ്ങളുടെ അടിത്തറ ഊഹങ്ങളുടെമേൽ പണിയാതിരിക്കേണ്ടതാണ്. പ്രത്യുത അറിവിനുമേൽ പണിയേണ്ടതാണ്. വെറും ചെവിയുടെ സാക്ഷ്യവും കണ്ണിന്റെ സാക്ഷ്യവും ഹൃദയത്തിന്റെ സാക്ഷ്യവും പോര. പ്രത്യുത സകല മാർഗങ്ങളിലൂടേയും അന്വേഷിച്ചതിനുശേഷം തീരുമാനമെടുക്കേണ്ടതാണ്. ഹദ്റത്ത് ഇമാം അബൂഹനീഫയുടെ പ്രസിദ്ധമായൊരു വാക്യമുണ്ട്: ""ആരിലെങ്കിലും 99% കുഫ്റിന് കാരണങ്ങളുണ്ടെങ്കിൽ, ഒരു ശതമാനം ഈമാനിന്റേതായുണ്ടെങ്കിൽ അവനെ കാഫിർ എന്നു പറയരുത്."" ഈ യുക്തിനിർഭരമായ നിർദേശത്തിന്റെ അർഥം അവൻ കുഫ്ർ ചെയ്തതായി 99 തെളിവുകളുണ്ടെങ്കിലും ഒരു തെളിവുമാത്രമാണ് ഈമാനിന്റേതായിട്ടുള്ളതെങ്കിൽ അവനെ കാഫിർ എന്ന് പറയരുത്. ഇത് ചില അജ്ഞർ വിചാരിക്കുന്നതുപോലെയുള്ള ഉദ്ദേശ്യമൊരിക്കലുമല്ല, അതായത് 99 ശറയിയായ തെളിവ് അവൻ കുഫ്ർ ചെയ്തുവെന്നതിന് ഉണ്ടെങ്കിലും അവനെ കാഫിർ എന്ന് പറയാൻ പറ്റില്ല. കുഫ്റിന്റെ കാരണങ്ങൾത്തന്നെ ഏഴെട്ടെണ്ണമേയുള്ളു. അല്ലാഹുവിനെ നിഷേധിക്കുക, മലക്കുകളെ നിഷേധിക്കുക, ദൈവഗ്രന്ഥങ്ങളെ നിഷേധിക്കുക, നബിമാരെ നിഷേധിക്കുക, ദുആയെ നിഷേധിക്കുക, വിധിവിലക്കുകളെ നിഷേധിക്കുക, മരണാന്തര ജീവിതത്തെ നിഷേധിക്കുക. ഇതിന് ഇങ്ങനെ അർഥമെടുക്കുകയാണെങ്കിൽ അതായത് 99 കാരണങ്ങൾ കുഫ്റിന്റേത് ആയിട്ടുണ്ടെങ്കിലും കാഫിർ എന്നു പറയരുത് അപ്പോൾ നാസ്തികരെയും കാഫിർ എന്നു പറയാൻ പറ്റുകയില്ല.

(തഫ്സീർ കബീർ വാള്യം.4 പേജ്. 334)

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin